# വിവേകോദയം

"ശ്രീനാരായണധർമ്മപരിപാലനയോഗം" വക ഒരു മാസാന്തപുസ്തകം.

VIVEKODAYAM.

THE ORGAN OF THE S. N. D. P. YOGAM.

PUBLISHED MONTHLY

പുസ്തകം 6. } 1085 തുലാം { നമ്പർ 7.

## മഹാന്മാരുടെ വിചാരങ്ങളും ഉപദേശങ്ങളും.

ഫ മനോരഥത്തിൽനിന്നു പിന്തിരിവാൻ നിങ്ങൾ വിചാരിക്കുമ്പോൾ നിങ്ങളുടെ പരിചിതന്മാരുടെ സൽഗുണങ്ങളെപ്പററി ചിന്തിക്കുവിൻ! അതായതു് ഒരാളിന്റെ ഉത്സാഹബുദ്ധി മറെറാരാളിന്റെ വിനയം വേറൊരാളിന്റെ ഔദാര്യം ഇവയേയും മററും പററി ചിന്തിക്കുവിൻ. എന്തുകൊണ്ടെന്നാൽ നമ്മോടു സഹവസിക്കുന്നവരുടെ പാടുള്ളത്ര നാനാപ്രകാരമായ സ്വഭാവവിശേഷങ്ങളിൽ കാണപ്പെടുന്ന സൽഗുണങ്ങളുടെ ഊർജ്ജിതമായ സാദൃശ്യത്തോളം വിനോദകരമായി വേറെയാതൊന്നും തന്നെയില്ല. അതുകൊണ്ടു അതിനെ എപ്പോഴും മനസ്സിൽവച്ചുകൊള്ളുവിൻ!

മാക്കീസ്സ് അറീലിയസ്സ്.

വ മഹാപുരുഷന്മാരെ നാം എങ്ങിനെനോക്കിയാലും അവരുമായുള്ള മൈത്ര്യം ഗുണപ്രദമായേ ഇരിക്കൂ. ഒരു മഹാനെപ്പററി എത്ര അപൂർണ്ണമായിത്തന്നെ നാം വിചാരിച്ചാലും അതിൽനിന്നും ഏതെങ്കിലും ഒരുഗുണം ലഭിക്കാതെയിരിക്കുന്നതല്ല. ആ ദേഹം തന്റെ സാമീപ്യം ഗുണകരവും, സന്തോഷപ്രദവുമായിരിക്കത്തക്കവണ്ണം ജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രകാശത്തിന്റെ ഉറവാകുന്നു.

കാർലൈൽ

ബ ജ്ഞാനവാനായ ഈശ്വരൻ സ്വയം തിരുവുള്ളമലിഞ്ഞു ആർക്കു നിത്യജീവിതവും പരിശുദ്ധിയുമാകുന്ന രണ്ടുശാശ്വതമായ ശക്തികൾ നൽകപ്പെട്ടിരിക്കുന്നുവോ അവൻ തന്നെയാണു് ഭാഗ്യവാൻ. അങ്ങിനെയുള്ളവർതന്നെയാണു ഭാഗ്യവാന്മാർ ഈശ്വരാ അടിയൻ നിന്തിരുവടിയെ എല്ലാവററിൽവച്ചും ശ്രേഷ്ഠമായവസ്തുവാണെന്നും,

ലോകാനുഗ്രഹകരമായ ജ്ഞാനത്തിന്റെ ഇരിപ്പടമാണെന്നും വിശ്വ
സിച്ചുകൊള്ളുന്ന ഓരോരുത്തനും ജ്ഞാനത്തിന്റെ ഇരിപ്പടമായിട്ടു
നിന്തിരുവടിയെ ആരാഞ്ഞു പിടിച്ചുകഴിയു.

സോറോസ്റ്റർ

൪. ഒരു സ്വർണ്ണംകൊണ്ടുതന്നെ ഭിന്നമായ നാമത്തിലും രൂപത്തിലുമുള്ള പലമാതിരി ആഭരണങ്ങൾ നിർമ്മിക്കപ്പെടുന്നതുപോലെ ഒരു ഈശ്വരൻതന്നെ ഭിന്നരാജ്യങ്ങളിലും ഭിന്നകാലങ്ങളിലും പലനാമത്തിലും രൂപത്തിലും ആരാധിക്കപ്പെട്ടുവരുന്നു അദ്ദേഹത്തെ ചിലർ മാതാവെന്നും ചിലർ പിതാവെന്നും വിളിപ്പാൻ ഇഷ്ടപ്പെടുകയും പലപ്രകാരത്തിൽ ആരാധിച്ചുവരുകയും ചെയ്യുന്നു. എങ്കിലും ഈ എല്ലാ സംബന്ധങ്ങളോടും പ്രകാരഭേദങ്ങളോടും കൂടി ആരാധിക്കപ്പെടുന്ന അദ്ദേഹം ഒരീശ്വരൻ തന്നെയാകുന്നു.

രാമകൃഷ്ണപരമഹംസർ

൫. യാ പ്രീതിരവിവേകാനാം വിഷയേഷ്വനപായിനീ
ത്വാമനുസ്മരതഃ സാ മേ ഹൃദയാന്മാപസർപ്പതു

ഈശ്വരാ അവിവേകികൾക്കു വിഷയങ്ങളിൽ നിരന്തരമായ യാതൊരാസക്തി ഭവിക്കുന്നുവോ ആസക്തി അവിടത്തെ ധ്യാനവിഷയത്തിൽ എന്റെ ഹൃദയത്തിൽനിന്നു ഒരിക്കലും വിട്ടുപോകാതിരിക്കുമാറാകട്ടെ.

ശ്രീ വ്യാസമഹർഷി (വിഷ്ണുപുരാണം)

൬. നിങ്ങൾ ഒന്നുമല്ല ഞാനും ഒന്നുമല്ല മററു യാതൊന്നും ഒന്നുമല്ല എല്ലാം ഈശ്വരനുള്ളതുതന്നെ ആകുന്നു. എന്തുകൊണ്ടെന്നാൽ ഈശോപനിഷത്തിന്റെ പ്രസ്താവനയിൽതന്നെ എല്ലാം ഈശ്വരന്റേതാണെന്നു ഉപദേശിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ അനുഭവിക്കുന്ന ധനത്തിൽ ഈശ്വരൻ ഉണ്ടു. നിങ്ങളുടെ മനസ്സിൽ ഉദിക്കുന്ന ആഗ്രഹത്തിൽ ഈശ്വരനുണ്ടു. നിങ്ങൾ ആഗ്രഹത്താൽ വാങ്ങുന്നതായ ഈ വസ്തുക്കളിലും ഈശ്വരൻ ഉണ്ട്. നിങ്ങളുടെ ഭംഗിയുള്ള ഉടുപ്പുകളിലും രമ്യങ്ങളായ ആഭരണങ്ങളിലും അദ്ദേഹമുണ്ട്. ഇതാണ് വിചാരത്തിന്റെ വഴി. നിങ്ങളുടെ എല്ലാ വ്യാപാരത്തിലും നിങ്ങളുടെ ഉടുപ്പുകളിലും, നിങ്ങളുടെ സംഭാഷണത്തിലും ശരീരത്തിലും നിങ്ങളുടെ രൂപത്തിലും എല്ലാററിലും നിങ്ങൾ ഈശ്വരനെ സങ്കല്പിച്ചു കാണുന്നു എങ്കിൽ ദൃശ്യം മുഴുവനും മാറിപ്പോകുന്നു. ലോകം ആപത്തും അരിഷ്ടതയുംകൊണ്ടു പൂർണ്ണമായി തോന്നപ്പെടുന്നതിനു പകരം ഒരു സ്വർഗ്ഗമായി പരിണമിക്കയും ചെയ്യുന്നു.

വിവേകാനന്ദസ്വാമി

## സാമാന്യധൎമ്മങ്ങൾ

(തുടർച്ച)

### ശിഷ്യവൃത്തി

ചൊന്നാലും ഗുരുചൊല്ലീല യെന്നാലും നിത്യവും ശ്രമം
ചെയ്‌വൂപാരത്തിലും ശിഷ്യനാചാൎയ്യന്റെ ഹിതത്തിലും ൩൧

ഗുരുവിൻജ്യേഷ്ഠ പുത്രന്മാർ ബന്ധുക്കളിവരോടുമേ
ഗുരുവോടെന്നപോൽശിഷ്യൻ പെരുമാറുകനന്മയാം ൩൨

വൃദ്ധന്റെ വരവിൽപ്രാണൻതരുണന്നുവിടുന്നപോൽ
എതിരേററു വണങ്ങുമ്പോ ളതുവീണ്ടും വരുന്നപോൽ ൩൩

വണങ്ങിവൃദ്ധരൊന്നിച്ചു നിത്യം വാഴ്‌വോനുകൂടുമേ,
ആയുസ്സ്, വിദ്യ, സൽകീൎത്തി, ബല മീനാലുകൂട്ടവും ൩൪

### ശിക്ഷ.

ശാസിക്കണം പ്രാണികളെഹിംസിച്ചീടാതെയെന്നുമേ
മാധുൎയ്യമസൃണം വാക്ക മോതേണം ധൎമ്മകാമികൾ ൩൫

### ഉത്സാഹം.

കഴിഞ്ഞകഷ്ടമോട്ടേറെ ക്കണ്ടും തന്നെദ്ദുഷിക്കൊലാ
വരാജയം തനിക്കെന്നു മരണംവരെ യോൎക്കൊലാ ൩൬

### ശ്രേഷ്ഠത

ധനം, ബന്ധുത, താരുണ്യംകൎമ്മംവിദ്യയുമിങ്ങിനെ
മാനഹേതുക്കളീയഞ്ചിൽ മെച്ചം കീഴ്‌കീഴ് വരുന്നതാം ൩൭
നരച്ചുതലയെന്നോൎത്തുനരൻവൃദ്ധത നേടിടാ
വിദ്വാനായ യുവാവേയുംവൃദ്ധനെന്നോൎപ്പൂദേവകൾ ൩൮

### ഇന്ദ്രിയസംയമം.

മഹാദോഷങ്ങൾനൽകുന്നു മൎത്ത്യനിന്ദ്രിയചാപലം
അവററയെയടക്കിത്താ നവൻവിജയിയാകണം ൩൯
ആകൎഷിക്കുന്നവിഷയം തോറുമക്ഷങ്ങൾപോയിടും
അശ്വങ്ങളെസ്സൂതനൊപ്പ മവററെത്തടവൂബുധൻ ൪൦

## കൃഷിവിഷയം

(ഇംഗ്ലീഷിൽനിന്നു)

കൃഷിക്കാർ നെൽകൃഷിയിൽ ഞാറുകളോരോന്നായി വേർതിരിച്ചു നടുന്ന സമ്പ്രദായം സ്വീകരിക്കുന്നതു വളരെ ഫലപ്രദമാണെന്നു കൃഷിഡിപ്പാർട്ടുമെന്റു അവരെ കുറേനാളായി ഉപദേശിച്ചു വരുന്നുണ്ടു. കൃഷ്ണാഡിസ്റ്റ്രിക്റ്റിൽ ഈ സമ്പ്രദായം സർവസാധാരണമായി അംഗീകരിച്ചു തുടങ്ങുകയും, അതു അവിടെ മിക്കവാറും ഫലദായിയായിത്തീരുകയും ചെയ്തിട്ടുണ്ടു്. തിരുനൽവേലി, തഞ്ചാവൂർ ഈ ഡിസ്റ്റ്രിക്റ്റുകളിൽ അനേകായിരം ഏക്കർ നിലങ്ങളിൽ ഈ മാതിരി കൃഷിനടപ്പാക്കുകയും അതിനു അവിടെ പൂർണ്ണസാഫല്യം സിദ്ധിക്കുകയും ചെയ്തിരിക്കുന്നു.

പ്രസിഡൻസിയുടെ തെക്കുഭാഗങ്ങളിൽ, ചമ്പാവു, പിശാനം (Pishanum) എന്നീ നെൽകൃഷികാലങ്ങളിൽ പത്തുമാതിരി നെല്ലിനു ഒറ്റഞാറുനടുന്ന സമ്പ്രദായം ഏർപ്പെടുത്തി. ജീരകച്ചമ്പാവൊഴിച്ചു മറ്റു ഒൻപതുതരം നെല്ലിനും അതുസവിശേഷമായ ഗുണം കാണിക്കുകയും, മുൻകാലങ്ങളെ അപേക്ഷിച്ചു ഇരട്ടി വിളവുണ്ടായിരിക്കുകയും ചെയ്തു. ഈ വർദ്ധന ഈ മാതിരി കൃഷിയുടെ പരമാവധിയാണെന്നു വിചാരിച്ചുകൂടാ. ഞാറു ഒറ്റഒറ്റയായി (ഒറ്റത്തണ്ടുവീതം) നടുന്നതിനാൽ കിട്ടുന്ന ധാന്യം നാലഞ്ചു ഞാറു ഒന്നായിച്ചേർത്തു ഒരുനുരിയായി നടുന്നതിൽ നിന്നുണ്ടാകുന്ന ധാന്യത്തെക്കാൾ വളരെ വിശേഷമാണെന്നു അനുഭവം കൊണ്ടുകണ്ടിരിക്കുന്നു. ഇതിനുള്ള കാരണം അന്വേഷിക്കാൻ വളരെദ്ദൂരെയെങ്ങും പോകണമെന്നില്ല. പതിനഞ്ചോ ഇരുപതോ തണ്ടുഞാറു ഒരുനുരിയായി ചേർത്തു നടുന്നതിനാൽ അധികം സ്ഥലം, മണ്ണു, വളം മുതലായവ വേണ്ടിവരികയും, ആ സ്ഥലത്തു ഒറ്റഞാറു നടുന്നപക്ഷം മേൽപറഞ്ഞ സ്ഥലം, മണ്ണു വളം ഇതുകൾ അതിനെ മാത്രം പോഷിപ്പിക്കുന്നതിനു ഉപയോഗപ്പെടുകയും, തന്മൂലം വിളവു വർദ്ധിക്കുകയും ചെയ്യുന്നു. തമ്മിൽ തമ്മിൽ ജീവിതമത്സരത്തിനായി യുദ്ധം ചെയ്യുന്ന ഒരുപാടു ഞാറുകളെക്കാൾ ഒറ്റഞാറു വളരെ വേഗം തഴച്ചുകയറുമെന്നും വളരെ നീളമുള്ള കതിരുകളാൽ നിലം അലംകരിക്കപ്പെടുമെന്നും അല്പം സാവധാനമായി ആലോചിച്ചാൽ പ്രത്യക്ഷമാകുന്നതാണ്. ഒരു ചെടി മുളച്ചു കൊഴുത്തു, അതിന്റെ മാതാവിന്റെ സ്വഭാവത്തിലുള്ള അനേകം ധാന്യങ്ങളെ തരുന്നതാകയാൽ അതിന്റെ മൂലം മനസ്സിലാക്കി യഥാക്രമം കൃഷിചെയ്താൽ അടുത്തതലമു

റ അധികം ഫലം തരുന്നതിനുള്ള ശക്തി അതിനുണ്ടാകുന്നതും അങ്ങിനെ അടുത്തഭാവികൾ ഉത്തരോത്തരം അഭിവൃദ്ധികൾക്കാരണമായി തീരുന്നതുമാണ്. ഇതിനെ പാലൂർ കൃഷകസംഘക്കാർ അനുഭവപ്പെടുത്തി കാണിച്ചിട്ടുണ്ട്. ൧൯൨൦-ൽ ഗരുഡൻചമ്പാവു പതിനാറു മാതിരി നടുകയും, ഏക്കർ ഒന്നിനു ൧൯൭൨ റാത്തൽധാന്യ വിളയുകയുംചെയ്തു. ൧൯൨൧-ൽ ഏക്കർഒന്നിനു ൨൨൩൫ റാത്തൽ ധാന്യം കാണപ്പെട്ടു. ഈ ഒടുവിൽപറഞ്ഞ കൃഷിക്കു വിത്തുപ്രത്യേകം തെരിഞ്ഞെടുക്കുകയും, ഞാറുഓരോതണ്ടായി വേർതിരിച്ചു നടുകയുംചെയ്തു. ഇതിനാൽ ഏക്കർഒന്നിനു ൩൫൮ റാത്തൽ ധാന്യം കൂടിവന്നിരിക്കുന്നതായി കണക്കെടുത്തിരിക്കുന്നു.

പടിഞ്ഞാറെ തീരങ്ങളിൽ ഈ മാതിരി പരിശോധനകൾ ചുരുക്കമായി മാത്രംനടന്നിട്ടുണ്ട്. അശാസ്ത്രീയമായ പഴയസമ്പ്രദായത്തെമാത്രം അവലംബിച്ചു വളരെക്കാലമായി ഒരേ മാതിരിയിൽ തന്നെകൃഷിചെയ്തുവന്നതു മൂലം അവിടെയുള്ള വിത്തുകൾക്കു സ്വാഭാവികമായ ശക്തിവളരെ ക്ഷയിച്ചു പോയിരിക്കുന്നതായി കണ്ടുപിടിച്ചു. ഇതുസംബന്ധമായി മൂന്നുസംവത്സരത്തെ പരിശോധനകഴിക്കുകയും, അവസാനത്തെ രണ്ടുകൊല്ലങ്ങളിൽ വിത്തുകൾ പ്രത്യേകം തെരിഞ്ഞെടുക്കുകയും,ഒററഞാറു നട്ടുതുടങ്ങുകയുംചെയ്തു. ഒന്നാം കൊല്ലത്തിൽ ഒരുഞാററിനു ഒരുശിഖരം മാത്രവും, രണ്ടാം കൊല്ലത്തിൽമൂന്നും, മൂന്നാംകൊല്ലത്തിൽ മൂന്നുമുതൽ അഞ്ചുവരെയും ശിഖരങ്ങളും പൊട്ടിയിരുന്നു.

ഞാറുഒററയായി നടുന്നതായാൽ ഞാററുകണ്ടത്തിൽ അധികം വിത്തുവിതയ്ക്കേണ്ട ആവിശ്യമില്ല. ഈ മാതിരിയിൽ ഒരേക്കർ നിലംനടുന്നതിനു ൧-സെൻറു ഞാററടിയിൽ മെദ്രാസ് പടി വിത്തുധാരാളം മതിയാകുന്നതാണ്. ഞാററുകണ്ടം ചാണകം, ചാമ്പൽ മുതലായതു കൊണ്ടുനല്ലവണ്ണം ഉരം പിടിപ്പിച്ചതിൻെറ ശേഷം വിത്തുവിതയ്ക്കേണ്ടതാണ്. ൫ മാസത്തെമൂപ്പുള്ളവിത്തിനു ൩൦ ദിവസത്തെ മൂപ്പുമാത്രം ഞാറിനുണ്ടായിരുന്നാൽമതിയാകും.

ഞാറുഒററത്തണ്ടുകളായി വേർതിരിച്ചു നടുന്നതിനു പരിചയമുള്ള കൂലിക്കാരെ കിട്ടാൻ ആദ്യകാലങ്ങളിൽകുറെ പ്രയാസംനേരിടും. ആകയാൽ അങ്ങനെഅവർക്കു പരിചയം വരുന്നതുവരെ സൂക്ഷ്മമായമേൽനോട്ടം അത്യാവശ്യകമാണ്. മേൽപറഞ്ഞവിധം ൩൦ ദിവസത്തെമൂപ്പു ഞാറിനുണ്ടായാൽ അതിൻെറ മണ്ടപൊട്ടിപ്പോകാതെ സാവധാനമായി ഓരോന്നായിപറിച്ചെടുക്കണം. ഞാറു നടുന്ന അകലം കൃഷകന്മാരുടെ യുക്തിക്കനുസരണമായി ഉപയോഗിച്ചുകൊള്ളാം. എങ്കിലുംഏക്കർഒന്നിനു ൫൦൦൦ മദ്രാസ്പടി നെ

ല്ലുവിളയുന്ന നിലത്തിൽ ഒന്നും, ൫൦൦ പടിവിളയുന്നതിൽ മുക്കാലും ൧൦൦൦ പടിവിളയുന്ന നിലത്തിൽ അരയും ചാൺവീതം അകലത്തിൽ ഞാറുനടേണ്ടതാണ്. ഏക്കർ ഒന്നിനു ൨൫൦൦ പടിനെല്ലുവിളയുന്നനിലത്തിൽ ൨൯ അടിഅകലത്തിൽ ഞാറുനട്ടുന്നതും അധികം ആദായകരമായി കണ്ടിരിക്കുന്നു. എന്നാൽതീരെ മോശമായ നിലങ്ങളിൽ ഒററഞാറു നട്ടുന്നതിൽ വേണ്ടിവരുന്ന ശ്രമവും, വ്യയവും ആവശ്യകമാണെന്നു തോന്നുന്നില്ല.

ഈ നാട്ടിൽ ഈ മാതിരികൃഷി എങ്ങുംതന്നെ നടപ്പായിട്ടില്ലെന്നു തോന്നുന്നു. നമ്മുടെ നാട്ടുകാർ ഈ മാതിരികൃഷിയെസ്വീകരിക്കുന്നതായാൽ നിശ്ചയമായും അത്യുത്ഗുണപ്രദമായി തീരുന്നതാണ്.

(തുടരും)

വീ. പത്മനാഭൻ.

---

## ആരോഗ്യവിഷയം.

### വ്യായാമം.

---

പണ്ടത്തെക്കാലത്തു ഇന്ത്യക്കാർ വ്യായാമത്തേപ്പററി നല്ലവണ്ണം അറികയും, അറിഞ്ഞവണ്ണം അതിനെ ശീലിക്കയുംചെയ്തുവന്നു. ആയുൎവ്വേദഗ്രന്ഥങ്ങളിൽ വ്യായാമത്തെപ്പററി പറഞ്ഞിട്ടുള്ള ഭാഗങ്ങളെ വായിച്ചവർ ആ വിഷയത്തിൽ ഇത്രജ്ഞാനവും, അതിന്റെ അനുഷ്ഠാനത്തിൽ ഇത്രനിഷ്കൎഷവും ഉണ്ടായിട്ടു പഴയകാലത്തു മറെറാരുജനസമുദായം ഉണ്ടായിരുന്നതായി സമ്മതിക്കുമെന്നു തോന്നിക്കുന്നില്ല. ബാല്യത്തിലേ കളരിയിൽപ്രവേശിച്ചു പഠിക്കുന്ന പലവിധ കായികാഭ്യാസങ്ങളേയും, പയിററുകളേയും പററി ഉത്സാഹപൂൎവ്വം കഥപറയുന്ന വൃദ്ധജനങ്ങൾ ഇപ്പോഴും അപൂൎവ്വമായവിടവിടെക്കാണുന്നാം. സാധാരണ ലോകസമ്പ്രദായത്തിൽനിന്നും അല്പം വ്യത്യസ്തമായ നിയമങ്ങളോടുകൂടിയ ശാന്തവൃത്തികളായ യോഗികൾക്കുപോലും അവരുടെ പ്രത്യേകകായികവ്യായാമങ്ങൾ ഹിന്തുക്കൾ നിർദ്ദേശിച്ചിട്ടുണ്ട്. ഹഠയോഗത്തിലേ പല ആസനബന്ധങ്ങളും മുദ്രകളും പ്രാണായാമഭേദങ്ങളും എല്ലാം അവരുടെ വ്യായാമങ്ങളത്രെ. ലൌകികജീവിതത്തിൽ ഉയൎന്നപടിയിൽനിൽക്കുന്ന സുഖികളായ പ്രഭുക്കന്മാൎക്കും രാജാക്കന്മാൎക്കുംകൂടി പണ്ടത്തെക്കാലത്തു പറയത്തക്കതായ പലതരം വ്യായാമങ്ങൾ ഏ

പ്പെട്ടിരുന്നു. യുദ്ധത്തിനായുള്ള ആയുധാഭ്യാസങ്ങൾക്കും, പുറമെ സമാധാനകാലത്തു തന്നെയുള്ള പലവക വിനോദങ്ങളും, മത്സരങ്ങളും, കുതിരപ്പന്തയങ്ങളും നായാട്ടുമുതലായ വിഹാരങ്ങളും അവൎക്കു ഒഴിച്ചുകൂടാത്ത കാൎയ്യങ്ങളായിരുന്നു. ഇവയെല്ലാം സൂക്ഷ്മത്തിൽ ശരീരവ്യായാമത്തിന്നായി ഏറ്റപ്പെട്ടവയും രസപ്രദങ്ങളായ വ്യായാമങ്ങളുമാണു്. ഒടുവിൽപറഞ്ഞ നായാട്ടു, പ്രാണിവധയുക്തമാകയാൽ ദോഷകരമാണെന്നഭിപ്രായമുള്ളപ്പോൾകൂടിയും കവിശിരോരത്നമായ കാളിദാസർ പ്രസംഗവശാൽ അതിൻെറ ഗുണങ്ങളെപ്പററി ഒന്നാമതായി എടുത്തുപറയുന്നതു "മേദസ്സററുമെലിഞ്ഞുകുക്ഷിലഘുവാം ദേഹംവിഹാരക്ഷമം" എന്നാണു്. അതെത്ര വാസ്തവമായിരിക്കുന്നു! വ്യായാമത്തിൻെറ അഭാവത്താൽ വല്ലാതെതടിച്ചു മറിഞ്ഞു ഇരുന്ന ദിക്കിൽനിന്നു മാറിയിരിപ്പാൻ പരസഹായത്തെ അപേക്ഷിക്കാതെ നിവൃത്തിയില്ലാത്ത കുംഭോദരന്മാർ നമ്മുടെയിടയിൽ എത്രയൊ ഉണ്ടെന്നു പ്രത്യക്ഷം അറിയാം. പിന്നെ കാരണവശാൽ എമ്പതും തൊണ്ണൂറും വയസ്സുവരെ ജീവിച്ചിരിക്കയും ഇവർ മുപ്പതിലും നാല്പതിലും യമഭടന്മാരാൽ ഉന്തിത്തള്ളിക്കൊണ്ടുപോകപ്പെടുകയും ചെയ്യുന്നതിൽ എന്താശ്ചൎയ്യമാണുള്ളതു. പണ്ടുള്ളവർ ദീൎഘായുസ്സുകളും ഇപ്പോഴുള്ളവർ അല്പായുസ്സുകളും ആയിരിക്കുന്നു എന്നുള്ള ലോകവാദം കേവലം അബദ്ധമാകുന്നു. കാലത്തിൻേറ ഭൌതികസ്ഥിതിക്കു അത്ര വലുതായ മാററമൊന്നും ഇപ്പോൾ സംഭവിച്ചിട്ടില്ല. ഇംഗ്ലീഷുകാരുടെ പ്രവേശത്തോടുകൂടി രാജ്യത്തിന്നുണ്ടായ സമാധാനവും കാലക്ഷേപമാൎഗ്ഗങ്ങളിലുണ്ടായ ലാഘവവും അനേകംപേരെ കുഴിമടിയന്മാരാക്കിത്തീൎത്തിട്ടുണ്ടു്. അവരാണു് കാലത്തിൻെറപേരിൽ ഈ അപവാദമുണ്ടാക്കുന്നതു്. ഇതിന്നു നാം ഇംഗ്ലീഷുകാരെ കുററംപറഞ്ഞുകൂടാ. അവർ വ്യായാമതൽപരന്മാരായ ഒരു ജനസമുദായമാകയാൽ വിശേഷിച്ചും നമ്മുടെ ഈ ദുശ്ശീലത്തിന്നു അവരെ കുററപ്പെടുത്തുന്നതു് ഒരുവക കൃതഘ്നതയായിത്തീരാനാണെളുപ്പം. എന്നാൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൻെറ പ്രചാരത്തോടുകൂടി ചില മുറിവിദ്വാന്മാരുടെയിടയിൽ നമ്മുടെ പഴയ ശാസ്ത്രങ്ങളേയും അവയെ അടിസ്ഥാനപ്പെടുത്തിയുള്ള അനുഷ്ഠാനങ്ങളേയുംപററി പൊതുവെ വകതിരിവില്ലാത്ത ഒരു അനാദരവു തോന്നിത്തുടങ്ങീട്ടുണ്ടു്. അതുകൊണ്ടു അവൎക്കു ശാരീരമായ വിഷയങ്ങളെപ്പററി ബാഹടാചാൎയ്യരൊ ധന്വന്തരിയൊ ആത്രേയനൊ ഹാരിതനൊ വല്ലതും വിധിച്ചിരിക്കുന്നു എന്നു പറയുന്നതിൽ ശ്രദ്ധതോന്നാൻ വകയില്ലെങ്കിലും

ഇപ്പോഴത്തെ പ്രസിദ്ധന്മാരായ ഡാക്ടന്മാരുടെ അഭിപ്രായങ്ങളിൽ പ്രാമാണികബുദ്ധി അവൎക്കും നിശ്ചയമായുണ്ടായിരിക്കുമെന്നുള്ളതാണല്ലൊ. അതുകൊണ്ടു ബിസ്മാൎക്കിലെ രാജകുമാരനുമായുള്ള ചേൎച്ചകൊണ്ടു പ്രസിദ്ധനായ ഡാക്ടർ ഷ്വേനിങ്ങർ ആരോഗ്യത്തിന്റെ രഹസ്യത്തെപ്പറ്റി ഈയിടെ പ്രസ്താവിച്ച ചില ഉപദേശസാരങ്ങളെ അടിയിൽ ചേൎത്തുകൊണ്ടു ഈ കുറിപ്പിനെ അവസാനിപ്പിക്കുന്നതു യുക്തമായിരിക്കുമെന്നു വിചാരിക്കുന്നു. അദ്ദേഹം ഉപദേശിക്കുന്നതാവിതു "വലിയ അദ്ധ്വാനങ്ങളെ സഹിക്കത്തക്കവണ്ണം ആരോഗ്യമുള്ള ഒരു ശരീരത്തെ സമ്പാദിപ്പാൻ നോക്കുവിൻ– ധാരാളം വ്യായാമം ചെയ്യുവിൻ– എന്നാൽ അതിവ്യായാമം പാടില്ല. അത്യദ്ധ്വാനത്തെക്കുറിച്ചു ഭയപ്പെടരുതു്. അംഗശൈഥില്യം രോഗത്തെയുണ്ടാക്കും എന്നാൽ ഒരാരോഗ്യമുള്ള ശരീരത്തിന്നു അത്യദ്ധ്വാനംകൊണ്ടുള്ള ഏതു അസ്വാസ്ഥ്യത്തിൽനിന്നും വേഗം മോചിപ്പാൻ കഴിയും. വെളിയിലുള്ള അണുപ്രാണികൾ മുതലായ രോഗബീജങ്ങളെപ്പറ്റി പേടിക്കരുതു്. എന്നാൽ അവയ്ക്കു നിങ്ങളുടെ ശരീരത്തിൽ പ്രവേശമുണ്ടാകാതിരിക്കാൻ തക്കവണ്ണം സൂക്ഷിച്ചുകൊള്ളുകയും വേണം. നിങ്ങളുടെ ആമാശയത്തെക്കുറിച്ചുമാത്രം ഭയപ്പെടുവിൻ. കഠിനമായ ശ്രമവും, നിരന്തരമായ ശ്രദ്ധയും കൂടാതെ ആരോഗ്യം ലഭിക്കുമെന്നു വിചാരിക്കരുതു. ചികിത്സകന്റെ പ്രവൃത്തിയിൽ കഴിയുന്നവിധത്തിലെല്ലാം അയാളെ സഹായിക്കുകയും അയാളുടെ ഉപദേശങ്ങളെ അനുഷ്ഠിക്കുകയും ചെയ്യുവിൻ. ഒരു ദീനം പിടിപെട്ടു കഴിഞ്ഞാൽ അതിനെ ശമിപ്പിക്കുന്നതിന്നു വൈദ്യനെ സഹായിക്കുന്നതു നിങ്ങളുടെ ദിനചൎയ്യക്രമമാണെന്നുള്ളതിനെ മറക്കരുതു. ശാരീരവും, ആത്മീകവുമായ കാൎയ്യങ്ങളെ ഒന്നായി രഞ്ജിപ്പിച്ചുകൊണ്ടു പോകാൻ ശ്രമിക്കുവിൻ. തന്നത്താനറിവാൻ അതായതു സ്വയം തന്റെതന്നെ ഗുണദോഷനിരൂപണം ചെയ്വാനും തന്നത്താൻ ശാസിക്കാനും പരിചയിക്കുവിൻ. ഈ ഉപദേശങ്ങളെ ഏവൻ അനുഷ്ഠിക്കുന്നുവോ അവൻ സാധാരണ ആയുഷ്കാലത്തിന്റെ ദൈൎഘ്യത്തെ അതിക്രമിച്ചു ജീവിക്കത്തക്കവണ്ണമുള്ള ആരോഗ്യത്തെ സമ്പാദിക്കുമെന്നു മാത്രമല്ല അവന്റെ ജീവിതം അധികം ദീൎഘവും അധികം സുഖമുള്ളതും ആയിരിക്കുകയും ചെയ്യും.

# നമ്മുടെ അഭിവൃദ്ധി.

മാററം പ്രകൃതിയുടെയും അഭിവൃദ്ധി നവീനപരിഷ്കാരത്തിന്റെയും ഛായകൾ ആകുന്നു. ലോകത്തിൽ യാതൊന്നും ഒരേസ്ഥിതിയിൽ നില്ക്കുന്നില്ല. മനുഷ്യസമുദായത്തിന്റെ സർവ്വതോമുഖമായ അഭിവൃദ്ധിയും ന്യൂനാധിക ശീഘ്രതയോടുകൂടി മുമ്പോട്ടുപോകുന്നു. മനുഷ്യന്റെ ബുദ്ധിക്കും പരിശ്രമത്തിനും വിഷയീഭവിച്ചിട്ടുള്ള എല്ലാസംഗതികളിലും പ്രതിദിനം എന്നപോലെ അഭിവൃദ്ധി ഉണ്ടാവാൻ ജനങ്ങൾ നിസ്തന്ദ്രമായി പ്രയത്നിക്കുന്നു. അപ്രകാരമുള്ള അവരുടെ പ്രയത്നങ്ങൾ പ്രായേണ ഫലപ്രദങ്ങളാകാതെയിരിക്കുന്നില്ല. പാശ്ചാത്യപണ്ഡിതന്മാരുടെ അക്ഷീണപരിശ്രമത്തിന്റെ ഫലമായി, ആവിയുടേയും വിദ്യുച്ഛക്തിയുടേയും വ്യാപാരവിശേഷങ്ങളാൽ സമയകാലങ്ങളുടെ ദൈർഘ്യം കുറഞ്ഞിരിക്കുന്നു. നിയതിയുടെ കാരുണ്യത്താൽ, പക്ഷികൾക്ക നിർബാധമായി സഞ്ചരിക്കുവാൻ ഒഴിച്ചിട്ടിരുന്നതായി വിശ്വസിക്കപ്പെട്ടിരുന്ന ആകാശത്തിൽക്കൂടി മനുഷ്യനും എത്രയും വേഗത്തിൽ സഞ്ചരിക്കാമെന്നു വന്നിരിക്കുന്നു. പ്രകൃതിയുടെ ചട്ടങ്ങളെ ലംഘിക്കാതെതന്നെ മനുഷ്യൻ പ്രകൃതിയെ തന്റെസുഖത്തിനും അഭിലാഷത്തിനും ഉചിതമായി പ്രവർത്തിക്കുന്ന ഒരു ഭൃത്യയാക്കിത്തീർത്തിരിക്കുന്നു. ഇനിയും അജ്ഞാതങ്ങളായികിടക്കുന്ന പ്രകൃതിയുടെ രഹസ്യങ്ങളെ കണ്ടുപിടിച്ചു നമ്മുടെ ഇഹലോകജീവിതത്തെ അധികമധികം സുഖകരവും ശ്രമഹീനവുമാക്കിത്തീർക്കുന്നതിനു അനവധിപണ്ഡിതന്മാർ ഈ നിമിഷത്തിലും നിർബന്ധപൂർവ്വം അദ്ധ്വാനിക്കുന്നു.

പ്രകൃതിയിൽ പൊതുവായി കാണപ്പെടുന്ന ഈ തത്വം മനുഷ്യസമുദായത്തെ സവിശേഷമായും ബാധിക്കുന്നു. നമ്മുടെമതം, സദാചാരം, വിദ്യാഭ്യാസം എന്നീവിഷയങ്ങളിൽ ഇപ്പോൾ സാധാരണമായി കണ്ടുവരുന്നമാററം എല്ലാവരുടെയും ശ്രദ്ധയെ ആകർഷിച്ചിട്ടുള്ളതാണല്ലൊ. അതതു മതാനുസാരികൾ തങ്ങളുടെ മതത്തിന്റെ പോഷണത്തിലും പ്രചാരത്തിലും ബദ്ധശ്രദ്ധന്മാരായിരിക്കുന്നു. സദാചാരത്തെ പ്രബലപ്പെടുത്തുവാനും വിദ്യാഭ്യാസത്തെ സർവ്വസാധാരണമാക്കിത്തീർക്കുന്നതിനും സമുദായസ്നേഹികൾ എവിടെയും താല്പര്യമുള്ളവരായി കാണപ്പെടുന്നു. സമുദായാഭിവൃദ്ധിക്കുപയുക്തങ്ങളായ നാനാവിഷയങ്ങളിലും അവരുടെശ്രദ്ധപതിയാതെയിരിക്കുന്നില്ല. അഭിവൃദ്ധിയിൽ ഉള്ള പരം അത്യുത്സാഹം—ഉ

ൽകർഷത്തിൽ പ്രദർശിപ്പിക്കുന്ന ഗുണം അക്ഷമത—നവീനപരിഷ്കാരത്തിന്റെ ഏററവും ആദരണീയമായ ഒരു പ്രേരണയാകുന്നു. ഇൻഡ്യയിൽ ഈ ഉണർവ് ആരംഭിച്ചിട്ട് ഒരു ശതാബ്ദത്തിൽ അധികം ആയിട്ടില്ല. മുമ്പത്തേതിൽനിന്നും ഇൻഡ്യായുടെ അവസ്ഥ ഇപ്പോൾ എത്രകണ്ടു ഭേദപ്പെട്ടിരിക്കുന്നുവെന്നു പറഞ്ഞറിയിക്കേണ്ടുന്നില്ലല്ലോ—ഇവിടെയുള്ള എല്ലാജാതിക്കാർക്കും മതസ്ഥന്മാർക്കും ഈ വിഷയത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അനേകം വിദ്വൽസമൂഹങ്ങളും സ്ഥാപനങ്ങളുമുണ്ട്. ഹിന്ദുക്കൾ മഹമ്മദീയന്മാർ, ക്രിസ്ത്യന്മാർ ഇവരുടെ പ്രബലങ്ങളായ സമാജങ്ങൾ ഇൻഡ്യയുടെ നാനാഭാഗങ്ങളിലും തങ്ങളുടെ അഭിവൃദ്ധിക്കായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

കേരളത്തിൽ ഈ വിഷയത്തിൽ ഗണ്യമായ പ്രവൃത്തി ഒന്നാമതായി തുടങ്ങിയതു നമ്മുടെ ശ്രീ നാരായണധർമ്മപരിപാലനയോഗമാണെന്നു തോന്നുന്നു. ഈഴവർ ഇതിൽ ഒന്നാമതായി പ്രവർത്തിച്ചു തുടങ്ങിയെങ്കിൽ അതു ഒട്ടും ആശ്ചര്യകരമായിരിക്കയില്ല. അവരെപ്പോലെയുള്ള ഒരു വലിയ സമുദായം അനേകം ശതവർഷങ്ങൾ കൊണ്ടു ഗവർമ്മെണ്ടുകളുടെയും മററു സമുദായങ്ങളുടേയും ഉപദ്രവങ്ങൾക്കു ലാക്കായി തീർന്നിട്ടുള്ളതായി ചരിത്രത്തിൽ അധികം ദൃഷ്ടാന്തങ്ങൾ ഉണ്ടായിരിക്കയില്ല. ഇങ്ങനെ അനേകം ശതവർഷങ്ങൾകൊണ്ടു ഉപദ്രവങ്ങളെ സഹിച്ചുകൊണ്ടിരുന്ന ഈഴവർ ഇതിനു മുമ്പു തന്നെ അവരുടെ ധർമ്മപരിപാലനയോഗത്തെ സ്ഥാപിക്കാഞ്ഞതിലെ ആശ്ചര്യപ്പെടേണ്ടിയുള്ളു. അതിനെ തുടർന്നു ഉത്ഭവിച്ച നായർസമാജം ഏററവും ശക്തിയോടുകൂടി കേരളത്തിന്റെ എല്ലാഭാഗങ്ങളിലും വ്യാപിച്ചു പ്രശംസനീയങ്ങളായ ഫലങ്ങളെ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്ത്യാനികൾക്കുവേണ്ടി അനവധി ക്രിസ്ത്യൻ സംഘങ്ങൾ തിരുവിതാംകൂറിൽ തന്നെയും പ്രവർത്തിച്ചുവരുന്നു. മഹമ്മദീയരും തങ്ങളുടെ സാമുദായികാവസ്ഥയെ ഉദ്ധരിക്കുവാൻ ആസക്തി ഉണ്ടായിത്തുടങ്ങിയിരിക്കുന്നു എന്നുള്ളതിനുവേണ്ട ലക്ഷണങ്ങൾ കാണുന്നുണ്ട്. കൊങ്കണസ്ഥബ്രാഹ്മണരും കെങ്കേമങ്ങളായ സഭകൾ ഏർപ്പെടുത്തി തങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കുന്നു. പരിഷ്കാരസൂര്യന്റെ തീക്ഷ്ണങ്ങളായ രശ്മികൾ തട്ടിയതിന്റെ ശേഷവും ഇതുവരെ മിക്കവാറും ഉറങ്ങിക്കിടന്നിരുന്ന മലയാളബ്രാഹ്മണരും ഏതൽകാലാവസ്ഥയെ മനസ്സിലാക്കി അവരുടെ ഉൽകർഷത്തിനു അപേക്ഷിതമെന്നു കാണപ്പെടുന്ന പുതിയ രീതികളേയും വിദ്യാഭ്യാസസമ്പ്രദായങ്ങളേയും

സ്വീകരിച്ചു തുടങ്ങുകയും അവരുടെ അലസതയെ നീക്കുന്നതിനു സമാജങ്ങൾമൂലം പ്രവൃത്തി ആരംഭിക്കയും ചെയ്തിരിക്കുന്നു ചുരുക്കിപ്പറയുന്നതായാൽ അഭിവൃദ്ധിക്കുവേണ്ടി ഇത്ര ഉൽകണ്ഠയോടുകൂടിയും സാർവ്വത്രികമായുമുള്ള ഉദ്യമം ചരിത്രത്തിൽ ഇപ്പോഴത്തെപ്പോലെ ഉണ്ടായിട്ടില്ല. പാശ്ചാത്യപരിഷ്കാരത്തിന്റെ ഏററവും പ്രശസ്തമായ മാഹാത്മ്യം അഭിവൃദ്ധിയുടെ വിത്തുകൾ അതിൽതന്നെ അന്തർഭവിച്ചിരിക്കുന്നു എന്നുള്ളതാണ്. അതിന്റെ പ്രേരണക്കു വശംവദമായിട്ടുള്ള സമുദായത്തിന്റെ പ്രധാനലക്ഷണം ഉൽകർഷത്തിൽ ആ സമുദായത്തിനുള്ള ഔൽസുക്യമത്രെ. ഈ തോതുവച്ചു കേരളത്തിലെ സമുദായങ്ങളെ അളക്കുന്നപക്ഷം ഈഴവർ അത്ര അപ്രധാനമല്ലാത്ത ഒരു സ്ഥാനത്തെ അർഹിക്കുന്നതായി കാണാവുന്നതാകുന്നു.

ഒരു പ്രജാസഞ്ചയത്തിൽ അനേകം സമുദായങ്ങളും ഒരു സമുദായത്തിൽ അനേകം അംഗങ്ങളും ഉൾപ്പെട്ടിരിക്കുന്നു. ഓരോ അംഗത്തിനും സമുദായദൃഷ്ട്യാ രണ്ടുതരം പ്രവൃത്തികളാണുള്ളതു. ഒന്നു ആത്മോദ്ദേശ്യകമായും മററതു സമുദായോദ്ദേശ്യകമായുമുള്ളതാകുന്നു. മനുഷ്യൻ പ്രകൃത്യാ സമുദായജീവിതത്തിൽ താല്പര്യമുള്ളവനെന്നാണ് സാധാരണവിശ്വസിക്കപ്പെട്ടുപോരുന്നത് എങ്കിലും മനുഷ്യർ സമുദായമായി താമസിക്കുവാൻ തുടങ്ങിയകാലത്തു അവർ മൃഗങ്ങളിൽ നിന്നും വളരെ ഉയർന്ന ഒരു പടിയിലല്ല സ്ഥിതിചെയ്തിരുന്നതെന്നു കാണുന്നു. സാമൂഹിക ജീവിതത്തിന്റെ ഉത്തമങ്ങളായ ഉദ്ദേശങ്ങളും പ്രയോജനങ്ങളും അവർ അന്നു ഊഹിച്ചിരുന്നില്ലെന്നു ധാരാളം അനുമാനിക്കാവുന്നതാകുന്നു. സാമൂഹികജീവിതത്തിന്റെ ആദിമദശയിൽ അംഗങ്ങൾ അധികവും സ്വാർത്ഥതൽപരന്മാരും സമുദായകാര്യങ്ങളിൽ ഒട്ടും പ്രതിപത്തി ഇല്ലാത്തവരും ആയിരുന്നിരിക്കണം. ഈ സ്ഥിതിയിൽ നിന്നും ക്രമേണയുള്ള പരിഷ്കാരാഭിവൃദ്ധികൊണ്ടും കലാവിദ്യകളുടെ പ്രചാരംകൊണ്ടും അംഗങ്ങൾ തങ്ങളുടെ സ്വാർത്ഥതല്പരതയെ അടക്കി സമുദായോദ്ദേശകൃത്യങ്ങളിൽ പൂർവാധികം ആസക്തിയുള്ളവരായിതീരുന്നു. മനുഷ്യസമുദായം ഈ അഭിലഷണീയമായ യാത്രയിൽ ഏർപ്പെട്ടു അനേകം ശതവർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ക്രമേണ മുൻപോട്ടു പൊയ്ക്കൊണ്ടിരിക്കുന്ന അതിന്റെ ഗതി ഒടുവിൽ അതിന്റെ പരമമായ ഉൽകൃഷ്ടസ്ഥിതിയിലേക്കു കൊണ്ടുചെന്നുവിടുന്നതാണ്. ആ ദശയിൽ എത്തുമ്പോൾ ഒരു അംഗത്തിന്റെയും സമുദായത്തിന്റെയും ഉദ്ദേശ്യവും നന്മയും അഭിന്നങ്ങളായിത്തീരുന്നു. സമു

ദായ ചട്ടങ്ങളെ ആദരിച്ചുകൊണ്ടുള്ള അംഗങ്ങളുടെ പ്രവൃത്തികൾ അവരുടെ പ്രത്യേകമായും പൊതുവായുമുള്ള ഹിതത്തിനും സ്വജീവിതത്തിനും യോജിച്ചതായി വരുന്നു. അപ്പോൾ ഒരുവനു പ്രത്യേകമായും സമുദായത്തിനു പൊതുവായും ഒരു പ്രവൃത്തിയും ഒരു ഉദ്ദേശവും ഒരു ലാഭവും ഒരു നഷ്ടവും ഒരു ഉയർച്ചയും ഒരു താഴ്ചയും ഉണ്ടായിരിക്കുന്നതല്ല. ഓരോരുവന്റെയും സ്വഭാവത്തെയും അഭിലാഷത്തെയും അനുസരിച്ചുള്ള പ്രവൃത്തികൾ പ്രകൃത്യാ സമുദായചട്ടാനുസാരികൾ ആയിത്തന്നെ തീരുന്നു, ഈ ശ്രേഷ്ഠതമമായ ദശയിലേക്കാകുന്നു മനുഷ്യസമുദായം യാത്ര ചെയ്യുന്നതു. സാമൂഹികാഭിവൃദ്ധിയുടെ പരിണാമവും ഇതാകണമെന്നാകുന്നു സാമുദായ ശാസ്ത്രജ്ഞന്മാർ ഘോഷിക്കുന്നതു.

ഒരു അംഗത്തിനു എന്നപോലെ ഒരു സമുദായത്തിനും രണ്ടുതരം കൃത്യങ്ങൾ ഉണ്ടു. യാതൊരു സമുദായത്തിനും അതിന്റെ ചുറ്റുമുള്ള അന്യസമുദായങ്ങളെ വിസ്മരിച്ചുകൊണ്ടുള്ള ജീവിതം സാദ്ധ്യമായിരുന്നാലും സുഖകരമായിരിക്കയില്ല. ഈ വക സമുദായത്തിനും മറ്റു സമുദായാംഗങ്ങളുമായി സംബന്ധവും പരസ്പരചുമതലകളുമുള്ളതാകുന്നു. അന്യസമുദായങ്ങളുമായി ഹാർദ്ദമായ ഒരു മാത്സര്യവും അന്യോന്യസഹകരണവും സമുദായാഭിവൃദ്ധിക്കു ഉപയുക്തങ്ങളാകുന്നു. ജീവിതമാത്സര്യം എന്ന അതിസാധാരണമായ പദപ്രയോഗത്തിന്റെയും ആശയത്തിന്റേയും കർത്താവായ മാൽത്തൂസു പണ്ഡിതൻ ഒരു ശതാബ്ദത്തിനു മുമ്പു ഠരം പദത്തിനു വിവക്ഷിച്ചിരുന്ന അർത്ഥത്തിന്റെ വ്യാപകത്വം അന്നു അധികം ആളുകൾ ധരിച്ചിരുന്നില്ല. ഇക്കാലങ്ങളിൽ ഠരം പദത്തെ പാമരന്മാർപോലും ഉപയോഗിച്ചുവരുന്നു. ഈ മാത്സര്യം ജീവികൾക്കു എന്നപോലെതന്നെ സമുദായങ്ങൾക്കും ഉള്ളതാകുന്നു. സമുദായാംഗങ്ങളുടെ ഐക്യത്തിനും അഭിവൃദ്ധിക്കും ഇതു അപേക്ഷിതമാകുന്നു. വിജയത്തിന്റെ ശേഷമുള്ള ദുരഭിമാനത്തേയും അലസതയേയും തന്മൂലം അധഃപതനത്തെയും ഈ മാത്സര്യം തടുക്കുന്നു. റോമൻ ജാതിക്കാരുടേയും സ്പെയിൻകാരുടേയും സാമ്രാജ്യലക്ഷ്മിക്കു നാശം ഭവിച്ചതു എന്തുകൊണ്ടായിരുന്നു എന്നു ചരിത്രം നമ്മെ പഠിപ്പിക്കുന്നു. അതിനാൽ ഒരു ജനസമുദായത്തിന്റെ നിർബാധമായ അഭിവൃദ്ധിക്കും ആ അഭിവൃദ്ധിയുടെ നിലനില്പിനും ഈ അവസ്ഥ സഹായിക്കുകയും, അക്ഷീണമായ പരിശ്രമത്തിനും പ്രത്യുൽപന്നമായ ബുദ്ധികൗശലത്തിനും സുഖകരമായ ഒരു പ്രേരണയായിത്തീരുകയും ചെയ്യുമെന്നു അനുമാനിക്കാവുന്നതാകുന്നു.

അനേകം സമുദായങ്ങൾ അടങ്ങിയ ഒരു ജനസാമാന്യം ഉന്നതിയെ പ്രാപിക്കുന്നതിനു അതിൽ ഒന്നോ രണ്ടോ എണ്ണം ഉയൎന്നതുകൊണ്ടു മതിയാകുന്നതല്ല. ഓരോസമുദായവും ആകെയുള്ള ജനസാമാന്യത്തിന്റെ ഓരോ അവയവമായിട്ടു ഗണിക്കപ്പെടാവുന്നതാകയാൽ പൊതുവായ ഉൽകൎഷത്തിനു എല്ലാഅവയവങ്ങളുടേയും പുഷ്ടിയും പ്രവൃത്തിയും ഒഴിച്ചുകൂടാത്തതത്രെ. ഈ തത്വം ജനസാമാന്യത്തിന്റെ അഭിവൃദ്ധിയിൽ പ്രഥമസ്ഥാനത്തെ അൎഹിക്കുന്നു എങ്കിലും ഇൻഡ്യയിൽ അതിനെ ഒരിക്കലും ആദരിക്കയുണ്ടായിട്ടില്ല. ഹിന്തുക്കളുടെ ജാതിക്കെട്ടിന്റെ അൎത്ഥം തന്നെ ഒരു പ്രകാരത്തിൽ ഈ തത്വത്തിന്റെ തിരസ്കാരമാകുന്നു. തന്നിമിത്തം ഭാരതഖണ്ഡത്തിനു വന്നുകൂടിയ അധഃപതനം എത്ര വലുതായിരിക്കുന്നു, "നാമും ജീവിക്കണം അന്യരെ ജീവിക്കുവാൻ അനുവദിക്കയും വേണം"(live and let live) എന്നുള്ള തത്വം എല്ലാസമുദായങ്ങളുടെയും പ്രമാണികൾ ഓൎത്തിരുന്നാൽ നമ്മുടെ സാമാന്യമായ ഔന്നത്യം ഇത്ര ശ്രമസാദ്ധ്യമായിരിക്കയില്ല. ഏതാനും സമുദായങ്ങളെ പിന്നിലാക്കീട്ടു മററുള്ള സമുദായങ്ങൾ മുൻപറഞ്ഞവരുടെ അവകാശങ്ങളെക്കൂടിയും കയ്യിലാക്കിക്കൊണ്ടു മുമ്പോട്ടു ഗമിക്കുവാൻ തുടങ്ങുന്നതു് ഒരു സ്ഥായിയായ അഭിവൃദ്ധിയുടെ അസ്ഥിഭാരം ഉറപ്പിക്കലല്ലെന്നു ചരിത്രം ശ്രദ്ധാവായിച്ചിട്ടുള്ളവൎക്കു അറിയാവുന്നതാണ്. ഈ തത്വങ്ങളെ അനാദരിക്കകാരണം ഉണ്ടായിട്ടുള്ള രക്തച്ചൊരിച്ചിൽകൊണ്ടു യൂറോപ്പുചരിത്രം എത്ര മലിനമായിരിക്കുന്നു. അതിനാൽ അഭിവൃദ്ധിമാൎഗ്ഗത്തിന്റെ മുന്നണിയിൽ നിൽക്കുന്ന സമുദായങ്ങൾ തങ്ങളുടെ പിറകിലുള്ളവരോടു സഹകരണം അനുകമ്പ ഇവയെ പ്രദൎശിപ്പിച്ചു അവരെയും ഉന്നമിപ്പിപ്പാൻ ശ്രമിക്കേണ്ടതു തങ്ങളോടുതന്നെയുള്ള ഒരു കടമയാകുന്നു. ഈഴവർ ഇപ്രകാരമുള്ള സഹകരണത്തെയും അനുകമ്പയേയും തങ്ങളെക്കാൾ ഉയൎന്ന സമുദായങ്ങളിൽ നിന്നും ഇച്ഛിക്കുന്നതുപോലെ തങ്ങളെക്കാൾ നിൎഭാഗ്യവാന്മാരായ താഴ്ന്നജാതിക്കാരോടു തങ്ങളും പ്രദൎശിപ്പിക്കേണ്ടതാകുന്നു. ഇപ്രകാരം അഭിവൃദ്ധിയുടെ പല പടികളിലായി നിൽക്കുന്ന എല്ലാസമുദായങ്ങളും അന്യോന്യം സഹായിക്കുകയും ഉന്നതിക്കായി പരിശ്രമിക്കയും ചെയ്യുന്നപക്ഷമെ ആ ജനസാമാന്യത്തിന്റെ അഭിവൃദ്ധി സൎവ്വതോമുഖമെന്നോ സുസ്ഥിരമെന്നോ പറവാൻപാടുള്ളു.

(തുടരും)

# "ഒരു സിംഹപ്രസവം."

ഞങ്ങൾ ചിങ്ങം, കന്നി ഈ മാസങ്ങളിലെ "ഭാഷാപോഷിണി"യിൽനിന്നു, താഴെ ഉദ്ധരിക്കുന്ന ഖണ്ഡകാവ്യം കഴിഞ്ഞ കർക്കടകം അവസാനത്തിൽ സ്ഥലത്തെ കാഴ്ചബംഗ്ലാവുതോട്ടത്തിലെ മൃഗശാലയിൽ പ്രസവിച്ച സിംഹത്തെപ്പററി എൻ. കുമാരൻ ആശാൻ അവർകൾ എഴുതീട്ടുള്ളതാകുന്നു. വിവേകോദയം വായനക്കാർക്ക് ഇതിൽ പ്രത്യേകം താല്പര്യമുണ്ടാകാമെന്നുള്ളതുകൊണ്ടു ഭാഷാപോഷിണിയിലെ ഇതിന്റെ പ്രസിദ്ധീകരണത്തിൽ അവിടവിടെ സംഭവിച്ചിരിക്കുന്ന ചില അച്ചടിപ്പിഴകളെ ഗ്രന്ഥകർത്താവുതന്നെ തിരുത്തി അല്പംചില മാററങ്ങളോടുകൂടി ഇതിൽ പ്രസിദ്ധപ്പെടുത്തുന്നതാകുന്നു.

വി. പ.

1

ശിരളിൽ കനിവാർന്നിടുന്നതേ, ഖരകണ്ഠീരവിതാനുമീവിധം!
ഒരു ജന്തുവിനില്ല പുത്രരിൽ പരുഷത്വം ഭഗവാന്റെ സൃഷ്ടിയിൽ.

2

അലിവാർന്നു കിടന്നൊരാടുപോൽ മൃദുവാനൽകുന്നിത! കുട്ടികൾക്കിവൾ;
തല ചെന്നു പിടിച്ചുഴക്കിലും, കുലരാക്രൂരതയെന്നു തോന്നിടും.

3

പരതന്ത്രതയോർത്തു കണ്ണുനീരരിയൊരുണ്ണികൾ തന്നെ നോക്കി, നീ
ചൊരിയായ്ക മൃഗേന്ദ്രവല്ലഭേ! വരുമാപത്തുകളാർക്കുമൂഴിയിൽ.

4

പ്രണയത്തോടു പാർത്തി, വററതൻ തുണതാനെന്നു കുടുംബ (ചിന്തയാൽ,
ഇണയാം ഹരി മന്ദ്രവശനായണയത്തൊട്ടു നടന്നിടുന്നിവൻ.

5

കുതുകത്തോടു, "പെററുസിംഹി"യെന്നതു കേട്ടേറെ വരുന്നിതാളുകൾ;
ഇതു കണ്ടൊരിളക്കമില്ലിവനാഢ്യവാം സിംഹമറിഞ്ഞിടാ ഭയം.

6

പലതും ബത! ബന്ധനസ്ഥനായ് തല കാഞ്ഞേതാ (ർത്തു നിരാശനായുടൻ
കലമറെറഴുമൊററ മേഘമൊത്തലറുന്നങ്ങിനെ തന്നെ നിന്നവൻ!

7

സഹസാസമയം കുറിക്കുവാനിഹ 'ഫീരങ്കി'യൊഴിച്ചപോൽ ഹരേ!
മഥിതം, തുടരായ്ക, ഗർജ്ജിതം ഗഹനത്തിൽ ഗജഗർഭഭേദന

8

അഥവാ നരനാഥനോടിവൻ കഥ ഭോഗപോഗ്രരവം കഥിക്കയാം,
കൃതമാമഹിതം സഹിക്കുമോ ധൂർത്തവീര്യൻ, പരതന്ത്രനെങ്കിലും?

9

ഒരുഹേതുവുമെന്നി കേവലംനര ലോകത്തിന കൌതുകത്തിനായ്;
(ത്തിയെ!!.
വരുവിച്ചു തടഞ്ഞുതേ നൃപൻ ഹരിയെ!—ഹാ മൃഗമാക്രമ!

10

കരുതായ്കിതവജ്ഞയായ് ഹരേ! നരപാലൻ, നൃപധർമ്മകോവിദൻ
പരമിങ്ങനെ വെച്ചുപോററുമാററിരുമേനിക്കു കൃതജ്ഞനാക, നീ;

11

ഒരുവർഗ്ഗമതിന്റെ നായകൻ, ധരണീപാലന മാന്യനാം ഭവാൻ.
പരതന്ത്രരെ ഹിംസ ചെയ്യതും നരരാം ഞങ്ങടെ നീതിയല്ലകേൾ.

12

നരഭോജികളുണ്ടനിവരാംനര"രാഫ്രിക്ക"* യിലൊത്തിടാംഭവാൻ;
നരകാർഹനൊരുത്തനില്ലയാത്തരമീ ഞങ്ങടെ"പുണ്യഭൂമി"യിൽ

13

അതുമല്ലിതു"ധർമ്മരാജ്യ"മെന്നധികം വിശ്രുത വഞ്ചിമണ്ഡലം
അതിലും ബത! മൂല ഭൂമിപൻ പ്രഥിതൻപാരിലുദാരചര്യയാൽ

14

രുചിരം ഗൃഹമുണ്ട, ഭോജ്യമുണ്ടുചിതം, നൽക്രമയത്നമാളുകൾ;
സുചിരം മരുവുന്നിടത്തുതാൻ സചിവന്മാർ നരിതൊട്ടധീരരും.

15

പുരന്ധ്രിയാൾ;
സ്ഫുടസൌഖ്യമതല്ല.കൂടിയൻ പിടയോളുണ്ടിഹനിൻ
ദൃഢമിന്നിവ രാജ്യകാര്യമായ് തടവിൽ പാർപ്പവനേകിടാംപരൻ.

16

ശരി, യെന്മൊഴി സമ്മതിച്ചുതാൻ ഹരി;യെന്നല്ല നിവാസ
ശയ്യയിൽ
വിരമിച്ചൊരു യുദ്ധനൌവുപോൽ തിരിയെച്ചെന്നുകിടപ്പുമായിവൻ.

17

ഒരുരോമമനങ്ങിടാതയഃ സ്ഥിരമാം കൃത്രിമ സത്വരൂപമേ?
വോയിവൻ!
തിരയററൊരു സിന്ധുവോ? മഹീധരമൊ? വെന്തൊരുജന്തു

18

പടരാഗമിവന്റെയുററ മൻപൊട്ടു ശൃംഗാര രസാർദ്രമാകുകിൽ
സ്ഫുടചന്ദ്രികയെന്തലിച്ചിടാ കടുവജ്രാ, ശശികാന്തമെന്നപോൽ?.

---

* ഈ സിംഹം ആഫ്രിക്കയിൽനിന്നും കൊണ്ടുവരപ്പെട്ടതാണത്രേ.

19
അത്രമല്ലിഹബന്ധനത്തിലും ബത! കാന്താപരനായിതേയിവൻ!
അഥവാഗണനസ്സൃഷ്ടിസജ്ജമാം വിധിഹസ്തം തടയുന്നതാരുവൻ?.

20
കൊട്ടതാം ഹരിധൈര്യവൃത്തിയെത്തടവാനാൾമൃഗസാവ്‌കെ രമി!നീ
ഭ്രമിപോൽ.
സ്ഫുടമായ സംഘാതശക്തിയെക്കടലിൽത്തഴുകിയ "കാന്ത"

21
ഒഴുകം പ്രിയമാന്റിവന്റെ മേൽവഴിയും നിന്റെ കടാക്ഷഭംഗിയെ
മൊഴിവാൻ കവികൾക്കിവനെഴും മിഴിവേണം കവിയാകണം ഹരി.

22
വിലസുന്നയി, സിംഹി, രാഗസൽഫലമായീ കുമാരീപകുദയം
മുലയുണ്ടുകളിലുദമായിയുംമലമുമ്പിൽ ചെറുനിർജ്ഝരങ്ങൾപോൽ

23
കരകേസരഭാരശോഭിയായ് വശമക്കനെതിരെ കതിച്ചു, ഹാ!
വിരയുന്ന കിടാങ്ങളല്ലുന്നാം ഹരിയെന്നോർത്തുടനങ്കമേറുവാൻ.

24
ഒരു ചിന്തയുമെന്നിയുല്ലസിച്ചുവളീട്ടും ചെറുപോതകങ്ങളെ
ഉരുചാപല ഹേതുവെങ്കിലും വരമീ ശൈശവ കാലമൊന്നുതാൻ.

25
സ്ഫുടമോദമോടുമ്മവെച്ചിട്ടും നടുവിൽ താപമതല്പനമ്മമാർ
തടവുന്നറികില്ലവക്കെഴും നെടുവീർപ്പിൻ പൊരുൾ നിങ്ങളേതുമേ.

26
അഥവാ സ്ഥിരമല്ലിതൊന്നുമീക്ഷിതിയിൽത്തെയഥ ശാഖിയാകണം
അതുപിൻ മുതുവൃക്ഷമാകണം; മുതുവൃക്ഷം ബത! ദാരുവാകണം.

27
ഭ്രമജീവിതയാത്രയിങ്ങതെന്നതുകൊണ്ടോർത്തയി, സജ്ജരാകുവിൻ.
കൃതബുദ്ധികൾ തുച്ഛമാന്നിട്ടും, സ്ഥിതിയേതാകിലുമാത്മ ഗൌരവം.

28
പൃഥുവിശ്രുതമെഴും ഭവൽകുലം പ്രഥിതം പാരിൽമൃഗേന്ദ്രപുത്രരേ!
അഥ ചൊല്ലിടു മാതൃഭാഷയിൽ കഥയിന്നിങ്ങടെയമ്മറാണിതാൻ.

29
ജനവ്യാതിലിലൂടെ കാട്ടിയീയനഘോദ്യാനമസാരമെങ്കിലും,
ജനയിത്രിയുദാഹരിച്ചിടും ഘനഗംഭീര മഹാടവീതടം.

30
വരുന്നകണ്ടിവൾ
കരിവാർ മുകിൽമാലി വാനിൽ വൻ വരിയായ് പൊങ്ങി
ഹരിഗർജ്ജിത കന്ദരങ്ങളാം ഗിരിവൃന്ദങ്ങടെ മോടികാട്ടിടാം.

... 209-ാമത്തെ പേജിൽ നോക്കുക.

## രണ്ടാം അദ്ധ്യായം

[തുടർച്ച]

പ്രകൃതത്തിലേക്കു തിരിഞ്ഞാൽ നമ്മുടെ അടുത്തവിഷയം പ്രാണായാമം അല്ലെങ്കിൽ ശ്വാസനിയമനം ആകുന്നു. മനശ്ശക്തികളെ ഏകാഗ്രീകരിക്കുന്നതിനോടു ഇതിനു എന്തു സംബന്ധമാണു ഉള്ളതു്? ശ്വാസം ഈ യന്ത്രത്തിന്റെ പ്രഥമചക്രമാണ്. ഒരു വലിയ യന്ത്രത്തിൽ (Engine) അതിന്റെ പ്രഥമചക്രം ആദ്യം തിരിയുന്നതായി നാം കാണുന്നു, ആ ചലനം ചെറിയ ചെറിയ ചക്രങ്ങളിലേക്കു നയിക്കപ്പെടുകയും ഒടുവിൽ യന്ത്രത്തിന്റെ അതിസൂക്ഷ്മമായ ശില്പകൌശലങ്ങൾ കൂടി അതിനനുസരിച്ചു ചലിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. ഈ ശ്വാസം ആ പ്രഥമചക്രമത്രെ, ഇതു ശരീരത്തിലുള്ള എല്ലാററിനും ചലനശക്തിയെ നൽകുകയും അതിനെ നിയമനം ചെയ്കയും ചെയ്യുന്നു.

ഒരിക്കൽ ഒരു മഹാരാജാവിനു ഒരു മന്ത്രിയുണ്ടായിരുന്നു. അയാളുടെ മേൽ രാജാവിനു തിരുവുള്ളക്കേടുണ്ടായി, അതിന്റെ ശിക്ഷയായി അയാളെ ഒരു പൊക്കമേറിയ ഗോപുരത്തിന്റെ മുകളിൽ അടച്ചു പൂട്ടിയിടാൻ കല്പനകൊടുത്തു. കല്പന നടത്തി, അയാളെ അവിടെകിടന്നു ചാവാനായി വിട്ടിരുന്നു. അയാൾക്കു ഒരു വിശ്വസ്തയായ ഭാര്യയുണ്ടായിരുന്നു. രാത്രിയിൽ അവൾ ആ ഗോപുരത്തിന്റെ ചുവട്ടിലേക്കുവന്നു മുകളിലുള്ള തന്റെ ഭർത്താവിനോടു അദ്ദേഹത്തിനു സഹായമായി താൻ എന്തുചെയ്യണമെന്നറിവാൻ ആവശ്യപ്പെട്ടു. അയാൾ അവളോടു അടുത്ത നാൾ രാത്രി വീണ്ടും ആ ഗോപുരത്തിന്റെ ചുവട്ടിൽ വരാനും, ഒരു നീണ്ട വടവും, ഒരു കനത്ത ചരടും, ഒരു ചിപ്പുനൂലും, ഒരു പട്ടുനൂലും, ഒരു വണ്ടും, സ്വല്പം തേനുംകൂടി ഒന്നിച്ചു കൊണ്ടുപോരാനും പറഞ്ഞു. വളരെ ആശ്ചര്യത്തോടുകൂടി ആ സാധ്വി തന്റെ ഭർത്താവിന്റെ ശാസനയെ അനുസരിക്കയും, ആഗ്രഹിച്ച ആ സാധനങ്ങളെ കൊണ്ടുചെല്ലുകയും ചെയ്തു. ഭർത്താവു് പട്ടുനൂൽ വണ്ടിന്റെ മേൽ ദൃഢമായികെട്ടാനും, എന്നിട്ടു അതിന്റെ കൊമ്പിൽ ഒരു തുള്ളി തേൻ തടവി തല മേൽപോട്ടു തിരിച്ചു വച്ചു അതിനെ ഗോപുരത്തിന്റെ ചുവരിന്മേൽ വിട്ടേപ്പാനും അവളോടു ആജ്ഞാപിച്ചു. ഈ എല്ലാ ഉപദേശങ്ങളേയും അവൾ അപ്രകാരം തന്നെ അനുഷ്ഠിച്ചു; വണ്ടു തന്റെ ദീർഘയാത്രയും ആരംഭിച്ചു. തന്റെ മുമ്പിൽ ഇരിക്കുന്ന തേനിന്റെ മണം പിടിച്ചു അതിനെ ലഭിപ്പാൻ ആശിച്ചുകൊണ്ടു അതു മെല്ലെ മെല്ലെ മേൽപോട്ടേക്കു ഇഴഞ്ഞു തുടങ്ങി. ഒടുവിൽ വണ്ടു ഗോപുരത്തിന്റെ മുകളിൽ

എത്തുകയും, ഉടൻ മന്ത്രി അതിനെ പിടിച്ചു ആ പട്ടുനൂൽ കരസ്ഥമാക്കുകയും ചെയ്തു. എന്നിട്ടയാൾ തന്റെ ഭാര്യയോടു അതിന്റെ മറേറ അററം ചീപ്പുനൂലിനോടു തിരികിച്ചേർക്കാൻ പറകയും, ചീപ്പുനൂലിനെ അപ്രകാരം മേല്പോട്ടു വലിച്ചെടുത്തിട്ടു ആ സമ്പ്രദായം തന്നെ കനത്ത ചരടിലും ഒടുവിൽ വടത്തിലും ആവർത്തിക്കയും ചെയ്തു. പിന്നെയുള്ളതെല്ലാം എളുപ്പം കഴിഞ്ഞു. ആ വടം വഴിയായി മന്ത്രി ഗോപുരത്തിൽ നിന്നു താഴത്തിറങ്ങുകയും, പോയിരക്ഷപ്പെടുകയും ചെയ്തു. നമ്മുടെ ഈ ശരീരത്തിൽ ശ്വാസചലനം ആ പട്ടുനൂൽ ആകുന്നു. അതിനെപിടിക്കുകയും അതിനെ നിയമനം ചെയ്വാൻ പഠിക്കുകയും ചെയ്താൽ സിരാസ്പുരണ ധാരയാകുന്ന ചീപ്പുനൂലിനെ നമുക്കു പിടുത്തംകിട്ടുന്നു. അതിൽനിന്നു നമ്മുടെ വിചാരങ്ങളാകുന്ന കനത്തചരടും ഒടുവിൽ പ്രാണനാകുന്ന വടവും നമുക്കു സ്വാധീനമാകുന്നു. പ്രാണനെ നിയമനം ചെയ്തിട്ടു നാം മുക്തിയെ പ്രാപിക്കയും ചെയ്യുന്നു.

നമ്മുടെ സ്വന്തശരീരങ്ങളെപ്പററി നാം യാതൊന്നും അറിയുന്നില്ല. നമുക്കു അറിഞ്ഞുകൂടാ. കൂടിയപക്ഷം നമുക്കു ഒരു ശവമെടുത്തു മുറിച്ചുനോക്കാൻ കഴിയും. ഒരു ജീവിക്കുന്ന ജന്തുവിനെ തന്നെ ശരീരത്തിന്റെ ഉള്ളിലുള്ളസ്ഥിതിയെ നോക്കിയറിവാനായി മുറിച്ചുനോക്കാൻ കഴിയുന്നവരായും ചിലരുണ്ട്. എന്നാലും അതിനും നമ്മുടെ സ്വന്തശരീരങ്ങൾക്കുമായി ഒരു സംബന്ധവുമില്ല. നമുക്കതിനെക്കുറിച്ചു തിരേച്ചുരുക്കമായേ അറിയാവൂ. എന്തുകൊണ്ടു നാം അറിയുന്നില്ല? കാരണം, ഉള്ളിൽനടന്നുകൊണ്ടിരിക്കുന്ന അതി സൂക്ഷ്മങ്ങളായ വ്യാപാരങ്ങളെ തിരിച്ചറിവാൻ മതിയായ വിവേചനാശക്തി നമ്മുടെ നോട്ടത്തിനില്ല. നമുക്കവയെപ്പററിയറിയാവുന്നതു മനസ്സ് ശരീരത്തിൽ കടക്കുകയും അതു സൂക്ഷ്മതരമായിത്തീരുകയും ചെയ്യുമ്പോൾ മാത്രമാകുന്നു. ആ സൂക്ഷ്മസാക്ഷാൽകാരംഉണ്ടാകുന്നതിനു നാം സ്ഥൂലസാക്ഷാൽകാരങ്ങളിൽ പരിചയിച്ചു തുടങ്ങേണ്ടതാകുന്നു. അതുകൊണ്ടു ഈ ശരീരയന്ത്രത്തെ മുഴുവൻ ചലിപ്പിച്ചു കൊണ്ടിരിക്കുന്ന ആ വസ്തുവിനെ നമുക്കു ആത്മംകരസ്ഥമാക്കണം. അതു പ്രാണനാകുന്നു. അതിന്റെ ഏററവും പ്രത്യക്ഷമായ പരിണാമമാണ് ശ്വാസവായു. അതുകൊണ്ടു ഈ ശ്വാസംവഴിയായി നാം പയ്യെ ശരീരത്തിനുള്ളിൽ പ്രവേശിക്കണം, അപ്പോൾ ആ സൂക്ഷ്മശക്തികൾ അതായതു സിരാസ്പുരണ ധാരകൾ ശരീരം മുഴുവൻ സഞ്ചരിക്കുന്നതിന്റെ ക്രമത്തെ നമുക്കുകണ്ടുപിടിപ്പാൻ കഴിയും. അതു നാം

കാണുകയും അവയെ അനുഭവിച്ചറിവാൻ പഠിക്കയും ചെയ്ത ഉടൻ അവയുടെയും ശരീരത്തിന്റെയും മേൽ നമ്മുടെ ആജ്ഞയെ സ്ഥാപിപ്പാൻ നമുക്കു ആരംഭിക്കാം. മനസ്സും ഈ വിധമായ സിരാസ്ഫുരണധാരകളാൽ ചലിപ്പിക്കപ്പെട്ടുകൊണ്ടിരിക്കയാകുന്നു. അതുകൊണ്ടു ഒടുവിൽ മനശ്ശരീരങ്ങൾ രണ്ടിനേയും നാം കിങ്കരരാക്കി അവരണ്ടും നമ്മളുടെ പൂർണ്ണമായ സ്വാധീനതയിൽ നിൽക്കുന്നതായ അവസ്ഥയെ നാം പ്രാപിക്കും. ജ്ഞാനമാകുന്നു ശക്തി; നമുക്കു ആ ശക്തിയുണ്ടാകണം; അതുകൊണ്ടു നാം ഉപക്രമത്തിൽ തന്നെ പ്രാണായാമത്തെ അതായത് പ്രാണന്റെ നിയമനത്തെ ആരംഭിക്കണം. ഈ പ്രാണായാമം എന്നതു ഒരു വല്യ വിഷയമാകുന്നു. ഇതിനെ പൂർത്തിയായുദാഹരിപ്പാൻ അനേകപാഠങ്ങൾ ആവശ്യപ്പെടുകയും ചെയ്യും. നമുക്കതിനെ അല്പാല്പമായി എടുത്തുപറയാം.

ഓരോ അഭ്യാസവും ശീലിക്കുന്നതിന്റെ കാരണങ്ങളും ശരീരത്തിനുള്ളിൽ ഏതെല്ലാം ശക്തികളാണു വ്യാപരിച്ചുകൊണ്ടിരിക്കുന്നതെന്നും നമുക്കു ക്രമേണ കാണാം. ഇതെല്ലാം നമുക്കനുഭവമാകും എന്നാൽ ഇതിനു ഇടവിടാത്ത പരിശീലനം ആവശ്യമാണ്. പരിശീലനംകൊണ്ടു ചില അനുഭവങ്ങൾ വെളിപ്പെടും. ഞാൻ എന്നാൽ കഴിയുന്നതു യുക്തിവാദങ്ങൾ ചെയ്താലും നിങ്ങൾ സ്വയമേവ അനുഭവസാക്ഷിയായറിയുന്നതുവരെ അതു നിങ്ങൾക്കു അനുഭവമാകുന്നതല്ല. ഈ സ്ഫുരണധാരകൾ ശരീരം മുഴുവൻ സഞ്ചരിച്ചുകൊണ്ടിരിക്കുന്നതായി നിങ്ങൾക്കനുഭവപ്പെട്ടു തുടങ്ങിയ ഉടൻ സംശയങ്ങൾ തീർന്നുപോകും. എന്നാൽ അതിനു ദിവസംപ്രതി വളരെ ക്ലേശിച്ചു അഭ്യസിക്കേണ്ടിയുണ്ട്. ചുരുങ്ങിയപക്ഷം ദിവസം രണ്ടു പ്രാവശ്യമെങ്കിലും അഭ്യസിക്കണം. അതിനു അത്യുത്തമമായ സമയം രാവിലേയും, വൈകുന്നേരവുമാകുന്നു. രാവു പകലൊടും പകൽ രാവോടും സന്ധിക്കുമ്പോൾ അതു ആ രണ്ടുകാലത്തേയും അപേക്ഷിച്ചു ശാന്തമായ ഒരു അവസ്ഥയിൽ കൂടി കടന്നുപോകേണ്ടതായിവരുന്നു. പ്രഭാതവും സന്ധ്യയും ആണ് ആ ശാന്തതയുടെ രണ്ടു സമയ സീമകൾ. ആ സമയങ്ങളിൽ നിങ്ങടെ ശരീരങ്ങൾക്കും അവയെപ്പോലെ ശാന്തമാവാനുള്ള ഒരു താല്പര്യം ഉണ്ടാകും. ആ സ്വാഭാവികസ്ഥിതിയെ നാം ഉപയോഗപ്പെടുത്തിക്കൊള്ളുകയും അപ്പോൾതന്നെ അഭ്യാസം ആരംഭിക്കയും ചെയ്യണം. അഭ്യാസം കഴിഞ്ഞല്ലാതെ ആഹാരം കഴിക്കയില്ലെന്നു ഒരു നിയമമായി വച്ചുകൊള്ളണം. അങ്ങിനെ ചെയ്യുമെങ്കിൽ വിശപ്പിന്റെ ശക്തിതന്നെ നിങ്ങളുടെ അലസതയെ ഭഞ്ജിച്ചുകളയും. ഇന്ത്യയിൽ ജനങ്ങൾ

നിഷ്ഠയും പൂജയും കഴിഞ്ഞല്ലാതെ ഭക്ഷിക്കരുതെന്നു കുട്ടികളെ പഠിപ്പിക്കുന്നു. അതുകൊണ്ടു കുറെക്കഴിയുമ്പോൾ അതവർക്കു സഹജമായിത്തീരുന്നു. കുളിച്ചു നിഷ്ഠകഴിയാതെ ഒരു കുട്ടിക്കു വിശക്കയില്ല.

നിങ്ങളിൽ കഴിയുമെന്നുള്ളവർക്കു, ഈ അഭ്യാസത്തിനായി മാത്രം പ്രത്യേകം ഒരു മുറിയുണ്ടായിരിക്കുന്നതു നല്ലതാണ്. ആ മുറിക്കകത്തു ഉറങ്ങരുതു്, അതിനെ പരിശുദ്ധമായി വച്ചുകൊള്ളണം; കുളിച്ചു ശരീരത്തിലും മനസ്സിലും പൂർണ്ണമായ ശുദ്ധിയോടുകൂടിയല്ലാതെ നിങ്ങൾ ആ മുറിക്കകത്തു കടക്കരുതു്. പുഷ്പങ്ങൾ ആ മുറിക്കകത്തു എപ്പോഴും വച്ചിരിക്കണം. ഒരു യോഗിക്കു അത്യുത്തമങ്ങളായ പാർശ്വവർത്തികൾ അവയാണ്. സന്തോഷകരങ്ങളായ ഛായാപടങ്ങളെയും വച്ചേക്കാം. കാലത്തും വൈകുന്നേരവും സുഗന്ധദ്രവ്യങ്ങൾ ഇട്ടു പുകക്കണം; ആ മുറിക്കകത്തുവച്ചു കലഹമൊ കോപമൊ അശുദ്ധവിചാരങ്ങളൊ ഉണ്ടാകരുതു. നിങ്ങളെപ്പോലുള്ള വിചാരമുള്ളവരെ മാത്രമെ ആ മുറിയിൽ കടപ്പാൻ അനുവദിക്കയും ചെയ്യാവു. ഇങ്ങിനെക്രമേണ ഒരു പരിശുദ്ധസ്ഥലത്തിൻെറ മാഹാത്മ്യം ആ മുറിക്കകത്തുണ്ടാകും. നിങ്ങൾക്കവല്ല അരിഷ്ടതയൊ, ദുഃഖമോ, സംശയമൊ ഉണ്ടാകയൊ മനസ്സിന്നു ക്ലേശംതോന്നുകയൊ ചെയ്യുമ്പോൾ ആ മുറിയിൽ കടക്കുന്നതുതന്നെ നിങ്ങൾക്കു ആശ്വാസപ്രദമായി തോന്നുകയും ചെയ്യും. ക്ഷേത്രത്തിന്റെയും പള്ളിയുടേയും ഒക്കെ താൽപര്യം ഇതായിരുന്നു. ചിലക്ഷേത്രങ്ങളിലും പള്ളികളിലും ഇതു് ഇപ്പോഴും നിങ്ങൾക്കു കാണാം. എന്നാൽ അവയിൽ അധികഭാഗത്തിലും ഇപ്പോൾ ആ ഉദ്ദേശം തന്നെ വിസ്മൃതമായിപ്പോയിട്ടുണ്ടു്. ഇതിൻെറ താൽപര്യം എന്താണെന്നാൽ പരിശുദ്ധമായ വിസ്ഫുരണങ്ങളെ (vibrations) സൂക്ഷിക്കുന്നതിനാൽ ആ സ്ഥലം ദിവ്യപ്രകാശസാന്നിദ്ധ്യമുള്ളതായിത്തീരുന്നു എന്നുള്ളതുതന്നെ. പ്രത്യേകം ഒരു മുറി വച്ചുകൊള്ളുവാൻ സാധിക്കാത്തവർക്കു ഇഷ്ടമുള്ള എവിടെയെങ്കിലും ഇരുന്നു അഭ്യാസം ചെയ്യാം. ഒരു ഋജുവായ ആസനത്തിൽ ഇരിക്കണം; എന്നിട്ടു ആദ്യംചെയ്യേണ്ടതു സകലചരാചരങ്ങളുടെയും നേൎക്കു ഒരു പരിശുദ്ധമായ വിചാരധാരയെ പ്രവഹിപ്പിക്കയാകുന്നു. എല്ലാററിന്നും സ്വസ്ഥിഭവിക്കട്ടേ! എല്ലാററിന്നും ശാന്തിഭവിക്കട്ടേ! എല്ലാററിന്നും ആനന്ദംഭവിക്കട്ടെ! ഇങ്ങിനെ മനസ്സുകൊണ്ടു ഉരുവിടണം. ഇതുപോലെ കിഴക്കു, തെക്കു, വടക്കു, പടിഞ്ഞാറു ഈ നാലുദിക്കിനെ ഉദ്ദേശിച്ചും ചെയ്യുന്നു. എത്രയധികം നിങ്ങൾ അങ്ങിനെ ചെയ്യുന്നുവൊ അത്രയധികം നിങ്ങൾക്കു സുഖംതോന്നും. ഒടുവിൽ നിങ്ങൾക്കു ആരോഗ്യമു

ണ്ടാവാൻ ഏററവും എളുപ്പമായ ഉപായം അന്യന്മാരെ ആരോഗ്യമുള്ളവരായിക്കാണുകയാണെന്നും, നിങ്ങൾക്കു സുഖമുണ്ടാവാൻ ഏററവും എളുപ്പമായമാൎഗ്ഗം അന്യന്മാരെ സുഖികളായിക്കാണുകയാണെന്നും നിങ്ങൾക്കു മനസ്സിലാകും. ഇങ്ങിനെ ചെയ്തിട്ടു ഈശ്വരനിൽ വിശ്വാസമുള്ളവർ പ്രാൎത്ഥിക്കണം. പ്രാൎത്ഥന ധനത്തിനൊ, ആരോഗ്യത്തിനൊ, സ്വൎഗ്ഗപ്രാപ്തിക്കൊ മററൊ ആയിരിക്കരുതു്. ജ്ഞാനവും ആത്മപ്രകാശവും ഉണ്ടാവാൻവേണ്ടി മാത്രമായിരിക്കണം. മററുള്ള പ്രാൎത്ഥന എല്ലാം സ്വാൎത്ഥപരമത്രെ. അതിന്നുശേഷം ചെയ്യേണ്ടതു നിങ്ങളുടെ സ്വന്തശരീരത്തെക്കുറിച്ചു ചിന്തിക്കയും അതു ബലവത്തായും ആരോഗമായും ഇരിക്കുന്നൊ എന്നു നോക്കുകയും ആകുന്നു. നിങ്ങൾക്കുള്ള ഏററവും മുഖ്യമായഉപകരണം അതാണു്. അതിനെപ്പററി ഈ ശരീരം വജ്രംപോലെ ദൃഢമായിരിക്കുന്നു എന്നും ഇതിന്റെ സഹായത്താൽ നിങ്ങൾ ഈ സംസാരസമുദ്രത്തിന്റെ മറുകരകാണുമെന്നും വിചാരിക്കുവിൻ! സ്വാതന്ത്ര്യം അതായതു മുക്തി, ദുർബലന്മാരാൽ ഒരിക്കലും പ്രാപ്യമല്ല. എല്ലാദൌർബല്യത്തേയും അകലെക്കളയുവിൻ! നിങ്ങളുടെ ശരീരത്തോടു അതു ബലവത്താണെന്നു പറയുവിൻ! നിങ്ങളുടെമനസ്സിനോടും അതു ബലവത്താണെന്നു പറയുവിൻ! നിങ്ങളിൽതന്നെ നിങ്ങൾ അവധിയില്ലാത്ത വിശ്വാസത്തെയും ആശാബന്ധത്തേയും വഹിക്കയും ചെയ്യുവിൻ!

---

## അദ്ധ്യായം ൩.

—:0:—

### പ്രാണൻ.

---

പ്രാണായാമം പലരും വിചാരിച്ചിരിക്കാമെന്നുള്ളപോലെ ശ്വാസത്തെ സംബന്ധിച്ച ഏതെങ്കിലും ഒന്നല്ല. ശ്വാസത്തിന്നു ഉണ്ടെങ്കിൽ തന്നെ വളരെ അല്പമായ സംബന്ധമേ അതിനോടുള്ളു. ശ്വാസാഭ്യാസം നമുക്കു വാസ്തവമായ പ്രാണായാമത്തെ ലഭിപ്പാനുള്ള അനേക മാൎഗ്ഗങ്ങളിൽ ഒന്നു മാത്രമേ ആകുന്നുള്ളു. പ്രാണായാമം എന്നാൽ പ്രാണന്റെ നിയമനം എന്നൎത്ഥമാകുന്നു. ഇന്ത്യൻ തത്വജ്ഞാനികളുടെ അഭിപ്രായപ്രകാരം മുഴുവൻ പ്രപഞ്ചവും രണ്ടു പദാൎത്ഥങ്ങളാൽ ഘടിതമായിരിക്കുന്നു. അവയിൽ ഒന്നിനെ അവർ

ആകാശം എന്നു പറയുന്നു. ഇതു എങ്ങുമുള്ളതും എല്ലാവററെയും വ്യാപിച്ചു സ്ഥിതി ചെയ്യുന്നതുമായ ആ സൽഭാവംതന്നെ. രൂപമുള്ളതോ സംയുക്തദ്രവ്യങ്ങളിൽ നിന്നുണ്ടായതോ ആയ ഏതും ഈ ആകാശത്തിന്റെ പരിണാമമത്രെ. വായുവായിത്തീരുന്നതും ദ്രവദ്രവ്യമായും, ഘനദ്രവ്യമായും തീരുന്നതും ഈ ആകാശമാണ്. സൂര്യനായും, ഭൂമിയായും, ചന്ദ്രനായും, നക്ഷത്രങ്ങളായും, കേതുക്കളായും തീരുന്നതും ഈ ആകാശം തന്നെ. നമ്മുടേ ശരീരമായും, ജന്തുക്കളുടേ ശരീരമായും, ചെടികളായും നാം കാണുന്ന എല്ലാ രൂപങ്ങളായും തീരുന്നതും, നമ്മുടേ ഇന്ദ്രിയത്തിന്നു വിഷയമാകുന്നഏതും, എന്നുവേണ്ട ഉള്ളതേതോ അതൊക്കെയും ആകാശം തന്നെ ആകുന്നു. അതു സ്വയം പ്രത്യക്ഷമല്ല. സാധാരണ പ്രത്യക്ഷങ്ങൾക്കൊന്നിന്നു വിഷയമാകാതിരിക്കത്തക്കവണ്ണം അത്ര അത്ര സൂക്ഷ്മമാകുന്നു. അതു സ്ഥൂലമായി പരിണമിക്കുമ്പോൾ അതായതു രൂപീകരിക്കുമ്പോൾ മാത്രമേ ദൃഷ്ടിക്കു വിഷയമാകുന്നുള്ളൂ. സൃഷ്ടിതുടങ്ങുമ്പോൾ ഈ ആകാശം മാത്രമേയുള്ളൂ. കല്പത്തിന്റെ അവസാനത്തിൽ ദ്രവദ്രവ്യങ്ങൾ, ഘനദ്രവ്യങ്ങൾ ആദികൾ ഈ എല്ലാം ആകാശത്തിൽ ലയിക്കയും അടുത്ത സൃഷ്ടിയും അതു പോലെ ഈ ആകാശത്തിൽ നിന്നു തന്നെ ആരംഭിക്കയും ചെയ്യുന്നു.

എന്തു ശക്തിയാലാണു ഈ ആകാശം പ്രപഞ്ചാകാരമായി നിർമ്മിക്കപ്പെട്ടിരിക്കുന്നതു ? പ്രാണശക്തിയാലത്രേ. ആകാശം എങ്ങിനെ ഈ പ്രപഞ്ചത്തിന്റെ അഖണ്ഡവും സർവ്വവ്യാപകവുമായ വസ്തുവായിരിക്കുന്നുവോ അതുപോലെതന്നെ പ്രാണൻ പ്രപഞ്ചത്തിന്റെ അഖണ്ഡവും സർവ്വവ്യാപകവുമായ നിർമ്മാപക ശക്തിയാകുന്നു. ഒരു കല്പത്തിന്റെ ആരംഭത്തിലും അവസാനത്തിലും എല്ലാവസ്തുവും ആകാശമായിത്തീരുകയും, പ്രപഞ്ചത്തിലുള്ള എല്ലാശക്തികളും പ്രാണനിൽ തിരിയേ ലയിക്കുകയും ചെയ്യുന്നു. അടുത്ത കല്പത്തിൽ ഈ പ്രാണനിൽ നിന്നു തന്നെ നാം പ്രഭാവമെന്നോ ശക്തിയെന്നോ പറയുന്ന എല്ലാവും ആവിർഭവിക്കുന്നു. ചലനമായി പ്രത്യക്ഷപ്പെടുന്നതു ഈ പ്രാണനാണു. ഘനകർഷണശക്തിയായും അയസ്കാന്തശക്തിയായും പരിണമിക്കപ്പെടുന്നതും പ്രാണൻ തന്നെ, ശരീരവ്യാപാരങ്ങളായും, സിരാസ്പുരണധാരകളായും, വിചാരശക്തികളായും പരിണമിക്കുന്നതും പ്രാണൻ തന്നെ. വിചാരം മുതൽ കീഴ്പോട്ടു താണതരം ശരീരവ്യാപാരം വരെയുള്ള എല്ലാം പ്രാണന്റെ പരിണാമഭേദമല്ലാതെ മററൊന്നല്ല. മാനസികമോ ശാരീരമോ ആയി ലോകത്തുള്ള എല്ലാശക്തികളും അ

വയുടെ പൂൎവ്വാവസ്ഥയിലേക്കു തിരിയെ ലയിക്കുമ്പോൾ ഉള്ള ആകൃതികളാണ് പ്രാണൻ എന്നു പറയുന്നതു്. "എപ്പോൾ ഭാവമൊ അഭാവമൊ ഇല്ലാതിരുന്നുവോ എപ്പോൾ അന്ധകാരം അന്ധകാരത്തെ മറച്ചിരുന്നുവോ അപ്പോൾ എന്തുണ്ടായിരുന്നു? നിശ്ചലമായ ആ ആകാശം ഉണ്ടായിരുന്നു" പ്രാണന്റെ ഭൌതികമായ ചലനം നിന്നുപോയി; എന്നാൽ പ്രാണൻ യഥാപൂൎവ്വം ഉണ്ടായിരിക്കയും ചെയ്തു. പുതിയ സയിൻസ് (ശാസ്ത്രം) കൊണ്ടു, ലോകത്തിൽ വെളിപ്പെട്ടിരിക്കുന്ന ശക്തികൾ എല്ലാം മാററമില്ലാത്തവയാണെന്നു നമുക്കറിയാമല്ലോ. ലോകത്തുള്ള ശക്തികളുടെ എല്ലാം ആകത്തുകയായ ഒന്നു എപ്പോഴും തുല്യമായിത്തന്നെയിരിക്കുന്നു. ഒരു കല്പത്തിന്റെ അവസാനത്തിൽ മാത്രം ശക്തികൾ ശാന്തമാകയും, തിരോഹിതങ്ങളായിത്തീരുകയും ചെയ്യുന്നു. അടുത്ത കല്പാരംഭത്തിൽ അവ ആവിൎഭവിച്ചു ആകാശത്തിന്റെ മേൽ വ്യാപരിക്കയും, ആകാശത്തിൽനിന്നു ഈ വിവിധങ്ങളായ രൂപങ്ങൾ പരിണമിക്കുകയും ചെയ്യും. ആകാശം മാറുന്നതുപോലെ തന്നെ ഈ പ്രാണനും, ശക്തിയുടെ ഈ പരിണാമങ്ങളെല്ലാമായി മാറുകയും ചെയ്യുന്നു. ഈ പ്രാണനെ അറികയും നിയമനം ചെയ്കയും ചെയ്യുന്നതാണ് പ്രാണായാമം എന്നു പറയുന്നതിന്റെ വാസ്തവമായ അൎത്ഥം.

ഇതു് (പ്രാണായാമം) നമുക്കു അവധിയില്ലാത്ത ശക്തിയുടെ വാതലിനെത്തുറന്നു തരുന്നു. പക്ഷെ ദൃഷ്ടാന്തത്തിനു ഒരുത്തൻ പ്രാണനെ പൂൎണ്ണമായറികയും അതിനെ നിയമനം ചെയ്വാൻ അവന്നു സാധിക്കയും ചെയ്തു എങ്കിൽ അവനില്ലാത്തതായ ശക്തി ലോകത്തെന്തുണ്ടായിരിക്കും? പ്രാണനെ വരുതിയിൽവെപ്പാൻ കഴിഞ്ഞതുകൊണ്ടു സൂൎയ്യനേയും നക്ഷത്രങ്ങളേയും അവയുടെ സ്ഥാനങ്ങളിൽനിന്നു മാററിനിൎത്താനും, അണുക്കൾ മുതൽ അതിമഹത്തായ സൂൎയ്യഗോളങ്ങൾ വരെ ഈ ബ്രഹ്മാണ്ഡത്തിലുള്ള ഏതിനേയും വരുതിയിൽ നിൎത്താനും അവനു കഴിയുമായിരിക്കും. ഇതാണു പ്രാണായാമത്തിന്റെ അവധിയും ഉദ്ദേശ്യവും. യോഗി പൂൎണ്ണസിദ്ധനായിത്തീരുമ്പോൾ അവന്റെ അധീനതയിൽ നിൽക്കാത്തതായി പിന്നെ ഒന്നുംതന്നെ ഉണ്ടായിരിക്കയില്ല. അവൻ ദേവന്മാരെ വരാൻ ആജ്ഞാപിക്കയാണെങ്കിൽ അവൻ കല്പിച്ചപോലെ അവർ വരും. പരേതന്മാരെ അവൻ വരാൻ പറകയാണെങ്കിൽ അവന്റെ കല്പനപോലെ അവർ വരും. പ്രകൃതിയിലുള്ള എല്ലാശക്തികളും അടിമകളെപ്പോലെ അവന്റെ ആജ്ഞയെ കേൾക്കും. അ

റിവില്ലാത്തവർ യോഗിയുടെ ഈ ശക്തികളെ കാണുമ്പോൾ ഇവ അമാനുഷ പ്രവൃത്തികൾ എന്നും പറയും. ഹിന്തുക്കളുടെ മനസ്സിനുള്ള ഒരു വിശേഷം അതു എപ്പോഴും വിവരണങ്ങളെ എല്ലാം ഒടുവിൽ നിരൂപണം ചെയ്യുന്നതിനായി വിട്ടിട്ടു പരമസാമാന്യ ധർമ്മത്തെ ആദ്യം അന്വേഷിക്കുക എന്നുള്ളതാകുന്നു. "ഏതിനെ അറിയുന്നതുകൊണ്ടു നാം എല്ലാവറ്റെയും അറിയുന്നുവോ അതു ഏതാണ്?" ഈ ചോദ്യം വേദങ്ങളിൽ പുറപ്പെടുവിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു എല്ലാഗ്രന്ഥങ്ങളും എല്ലാ തത്വശാസ്ത്രങ്ങളും എഴുതപ്പെട്ടിരിക്കുന്നത്, ഏതിനെ അറിയുന്നതുകൊണ്ടു എല്ലാം അറിയപ്പെടുന്നുവോ അതിനെ നിർണ്ണയിപ്പാനായിട്ടാകുന്നു. ഒരുത്തൻ ഈ പ്രപഞ്ചത്തെ ശകലം ശകലമായി അംശിച്ചറിവാൻ ആവശ്യപ്പെടുകയാണെങ്കിൽ അവൻ ഓരോ തരിമണലിനെയും പിടിച്ചു നോക്കി അറിയണം. അതിനു അവനു അവധിയില്ലാത്തകാലം വേണ്ടിവരുന്നു. അവയെ എല്ലാം അന്നു അറിവാൻ സാധിക്കയില്ല. എന്നാൽ ജ്ഞാനം എങ്ങിനെ ഉണ്ടാവാം? വിശേഷ (വിവരണ)ങ്ങൾ വഴിയായി എങ്ങിനെ ഒരു മനുഷ്യനു സർവ്വജ്ഞനാവാൻ സാധിക്കും? യോഗി പറയുന്നതാവിത്: ഈ വിശേഷപരിണതികളുടെ എല്ലാം അടിയിലായി ഒരു സാമാന്യധർമ്മം (സത്ത) ഉണ്ട്. എല്ലാ പ്രത്യക്ഷജ്ഞാനങ്ങളുടെയും അടിയിൽ സർവ്വസാമാന്യവും, കേവലവുമായ ഒരു തത്വം നിൽക്കുന്നുണ്ട്. അതിനെ ഗ്രഹിച്ചാൽ നിങ്ങൾ എല്ലാവറ്റെയും ഗ്രഹിച്ചു. ഇതേപ്രകാരം തന്നെ മുഴുവൻ ബ്രഹ്മാണ്ഡവും, വേദത്തിൽ ഒരു കേവലസത്തയായി സാമാന്യപ്പെടുത്തീട്ടുണ്ട്. ആ സത്തയെ ആരു ഗ്രഹിച്ചിരിക്കുന്നുവോ അവൻ മുഴുവൻ ബ്രഹ്മാണ്ഡത്തേയും ഗ്രഹിച്ചിരിക്ക ആകുന്നു. അതുപോലെ എല്ലാശക്തികളേയും ഈ പ്രാണനായിട്ടു സാമാന്യപ്പെടുത്തപ്പെട്ടിരിക്കുന്നു. ആരു പ്രാണനെ ഗ്രഹിച്ചിരിക്കുന്നുവോ പ്രപഞ്ചത്തിൽ ഉള്ള മാനസികമോ ഭൌതികമൊ ആയ എല്ലാ ശക്തികളേയും അവൻ ഗ്രഹിച്ചിരിക്കയാകുന്നു. പ്രാണനെ കീഴടക്കിയവൻ അവന്റെ സ്വന്തമനസ്സിനെയും ലോകത്തു മറ്റേത്തു മനസ്സുകൾ എല്ലാം ഉണ്ടോ അവയെ ഒക്കെയും കീഴടക്കി കഴിഞ്ഞിരിക്കുന്നു. ആരു് പ്രാണനെ സ്വാധീനമാക്കിയിരിക്കുന്നുവോ അവൻ തന്റെ സ്വന്തശരീരത്തെയും ലോകത്തുള്ള മറ്റെല്ലാശരീരങ്ങളേയും സ്വാധീനമാക്കിയിരിക്കയാകുന്നു. എന്തുകൊണ്ടെന്നാൽ പ്രാണൻ ശക്തികളുടെ സർവ്വസാമാന്യമായ ആവിർഭാവമത്രേ.

31

കലയാനകൾതന്നെ ബാല്യമാം നിലയിൽ താൻചിലർ
തച്ചുകൊന്നതും
വിലഭിത്തി രണോഗ്രനാദമാ- റെറാലിയേററാത്തു തകർന്നുവീണതും

32

മലയും ഗുഹയും മൃഗങ്ങൾ തൻകുലവും കാടുമടക്കി വാണതും
പുലിതമ്മ പറഞ്ഞുകേട്ടിടാം കുലവൃദ്ധസ്ഥ പരാക്രമക്രമം

33

അഥലോഭന യോഗ്യമാകുമാകഥകേട്ടക്ഷമഭാവമേന്തൊലാ;
പ്രഥമാനമഹത്വചിന്തനം വ്യഥയേററുന്നു വിപന്നലോകരിൽ.

34

കഴിയാത്തതു മോഹിയാതെതാൻകഴിയുന്നാളിൽവളർന്നു യോഗ്യരായ്
ഒഴിയുന്നൊരു പൈതൃകാസനം വഴിയെനിങ്ങളലങ്കരിച്ചിടാം.

35

നിനയാഴലിൽ നിൻകുടുംബമൊത്തനപായം മൃഗരാജ! വാഴ്കനീ
ജനമേപരതന്ത്രമാണു ഹാ! ദിനകൃത്യംതടയുന്നു;പോട്ടെഞാൻ.

36

വരുമിങ്ങിടരേതിനും ഹരേ! കരുതായ്കേക നഭാഗ്യനെന്നു നീ
ഉരുശക്തിയെഴുന്നകാറെറയും ഗിരിശൃംഗങ്ങൾ തടഞ്ഞിടുന്നതേ.

37

ജലഭൂചരജന്തുസഞ്ചയം വലയിക്കുന്നതുപോലവേ നരൻ,
ജലരാശിയിലോ വനത്തിലൊചിലനാൾപ്പെട്ടു വലഞ്ഞീടുന്നവൻ

38

ഇതുമോത്തുകിലേകിടുന്നനിൻസ്ഥിതിയുൾക്കണ്ടെയെനിക്കു സിംഹമേ.
ഇതു കണ്ടു ശരീരപഞ്ജരസ്ഥിതനാം, ജീവനെയോർത്തിടുന്നു ഞാൻ.

39

തിരിയുന്നു"കുരുക്ക"ളായ് ചരാചരമിങ്ങാരുടെനിത്യലീലയിൽ
അരുളട്ടെ! നമുക്കവൻസുഖം പരമേശൻ ഭവ മുക്തിദായകൻ.

എൻ. കുമാരൻ ആശാൻ.

# ആത്മോപദേശശതകം

[ തുടർച്ച ]

അടിമുടിയറ്റടിതൊട്ടു മൌലിയന്തം
സ്ഫുടമറിയുന്നതു തുര്യബോധമാകും
ജഡമറിവീലതു ചിന്തചെയ്തുചൊല്ലു
ന്നിടയിലിരുന്നറിവില്ലറിഞ്ഞിടേണം ൨൮

മനമലർകൊയ്തു മഹേശപൂജ ചെയ്യും
മനുജനുമറ്റൊരു വേലചെയ്തിടേണ്ടാ
വനമലർകൊയ്തു മിതില്ലയാകിൽമായാ
മനുവുരുവിട്ടുമിരിക്കിൽ മായമാറും ൨൯

ജഡമറിവീലറിവിന്നു ചിന്തയില്ലോ-
തിടുകയുമില്ലറിവെന്നറിഞ്ഞുസർവ്വം
വിടുകിലവൻ വിശദാന്തരംഗനായ് മേ-
ലുടലിലമർന്നു ഴലുന്നതില്ലനൂനം ൩൦

അനുഭവ മാദിയിലൊന്നിരിക്കിലല്ലാ
തനുമിതി യില്ലിതുമുന്നമക്ഷിയാലെ
അനുഭവിയാതതുകൊണ്ടുധർമ്മിയുണ്ടെ
ന്നനുമിതിയാലറി വീലറിഞ്ഞിടേണം ൩൧

അറിവതു ധർമ്മിയെയല്ല ധർമ്മമാമി
ങ്ങരുളിയധർമ്മി, യദൃശ്യമാകയാലെ
ധരമുതലായവ യൊന്നുമില്ലതാങ്ങു
ന്നൊരുവടിവാ മറിവുള്ളതോർത്തിടേണം ൩൨

അറിവുനിജസ്ഥിതി യിങ്ങറിഞ്ഞിടാനായ്
ധരമുതലായ വിഭൂതിയായി താനെ
മറിയുമവസ്ഥയിലേറിമാറി വട്ടം
തിരിയു മലാതസമംതിരിഞ്ഞിടുന്നു ൩൩

അരനൊടി യാദിയരാളിയാന്നിടുംതേ
രുരുളതിലേറി യുരുണ്ടിടുന്നുലോകം
അറിവി ലനാദിയിലേ നടന്നിടും തൻ
തിരുവിളയാടലിതെ ന്നറിഞ്ഞിടേണം ൩൪

ഒരുപതിനായിര മാദിതേയരൊന്നാ
യൊരുസമയത്തു യരുന്നപോലസത്താം
ഇരുളിലെരിഞ്ഞു യരുന്നൊരാദിസൂര്യൻ
വരമരുളീടുവതിന്നു വാഴ്ത്തിടേണം ൩൫

## പത്രാധിപക്കുറിപ്പുകൾ.

ഗവർമെൻറിന്റെ ദൌർബല്യവും പ്രജകളുടെതോന്ന്യാസവും.

മനുഷ്യന്റെ തിരിച്ചറിവിനു പൂൎണ്ണത വരുന്നതല്ലെന്നുള്ളതു തീൎച്ചയാകയാൽ ഒരാൾ എത്രതന്നെ യോഗ്യനായാലും അയാൾക്കും അബദ്ധങ്ങൾ പററാമെന്നുള്ളതു് നിരാക്ഷേപമാണല്ലോ. ദിവാൻ രാജഗോപാലാചാരി അവർകളുടെ പക്ഷപാതരഹിതമായ നിലയേയും, ബുദ്ധിയുടെ ആഴത്തേയും, അസാമാന്യമായ ഭരണസാമൎത്ഥ്യത്തെയും, ധൈൎയ്യത്തെയും ഒരു ഭരണതന്ത്രജ്ഞനു അവശ്യംവേണ്ടതായ മററു അനേക വിശിഷ്ടഗുണങ്ങളേയുംപററി പ്രശംസിക്കാത്തവർ തിരുവിതാംകൂറിലെ പ്രജകളിൽ വളരെ ചുരുക്കമാണ്. ഞങ്ങൾ വിശേഷിച്ചും അദ്ദേഹത്തിന്റെ ഗുണങ്ങളെ വളരെ കൃതജ്ഞതയോടുകൂടി അഭിനന്ദിക്കുന്നവരത്രെ. എന്നാൽ കഴിഞ്ഞ പ്രജാസഭയിൽ യോഗംപ്രതിനിധി ഈഴവ ബാലികമാരുടെ സ്കൂൾപ്രവേശനത്തെപ്പററികൊണ്ടുചെന്നസങ്കടങ്ങൾക്കു അദ്ദേഹംപറഞ്ഞ കോളിൽ കൊള്ളാത്ത മറുവടികൾ അദ്ദേഹത്തിന്റെ നിലയ്ക്കു അടുത്തതല്ലായിരുന്നു എന്നു ഞങ്ങൾ ഇതിനുമുമ്പുതന്നെ പ്രസ്താവിച്ചിട്ടുള്ളതാണ്. ദക്ഷിണതിരുവിതാംകൂറിലുള്ള പല സ്കൂളുകളിലും നായർബാലികമാരോടൊന്നിച്ചിരുന്നു ഈഴവപ്പെൺകുട്ടികൾ നിർബാധം പഠിച്ചുവരുന്നതായി പ്രതിനിധി പല ദൃഷ്ടാന്തങ്ങളും ചൂണ്ടിക്കാണിച്ചിരുന്നു. എന്നിട്ടും ദിവാൻജിയുടെ മറുവടി അതിനു തീരെ അനുകൂലമായിരുന്നില്ലെന്നു വ്യസനപൂർവം പറയേണ്ടിയിരിക്കുന്നു. നായന്മാൎക്കു ഈഴവരുടെ ഈ സങ്കടത്തിൽ അനുകമ്പയാണുള്ളതെന്നു ആ സമുദായത്തിലെ യോഗ്യന്മാരുടെ നിലകണ്ടിട്ടു ഞങ്ങൾക്കു ബോദ്ധ്യമാണ്. വിശേഷിച്ചും ഇപ്പോൾ ദക്ഷിണതിരുവിതാംകൂറിൽമാത്രമല്ല, കൊല്ലം, കരുനാഗപ്പള്ളി, മാവേലിക്കര മുതലായി മദ്ധ്യതിരുവിതാംകൂറിലെ പല സ്ഥലങ്ങളിൽ പ്രതിനിധി പ്രസ്താവിച്ചപോലെ നായർ ഈഴവബാലികമാർ ഒന്നിച്ചിരുന്നു പഠിച്ചുവരുന്ന പല സ്കൂളുകളും ഞങ്ങളുടെ അറിവിൽപ്പെട്ടതായുണ്ടു്. അതുകൊണ്ടു ഇവരുടെ പെൺകുട്ടികളുടെ വിഷയത്തിൽ മാത്രം ഗവർമെൻറു കാണിക്കുന്ന അകാലോചിതമായ ഈ സങ്കോചത്തെപ്പററി ഞങ്ങൾക്കു വളരെ ആശാഭംഗമുണ്ടു്. ഗവർമ്മെൻറിന്റെ ഈ നില ഒരു ദൌർബല്യസൂചകമാണ്. ഇതു് പ്രജകളിൽ അറിവില്ലാത്ത വൎഗ്ഗക്കാരുടെ അസൂയാ ചാപല്യത്തെയും തോന്ന്യാസത്തെയും ബലാൽ വിളിച്ചുവരുത്തുകയും ഉദ്ദീപിപ്പിക്കുകയും ചെയ്യുന്നു. ആൺകുട്ടികളുടെ സ്കൂൾപ്രവേശത്തെപ്പററി ഗവർമ്മെൻറു നിർബന്ധിച്ചപ്പോൾ അതിനു ജനവിരോധമുണ്ടാകാതി

തന്നതുപോലെ മറിച്ചു പെൺകുട്ടികളുടെ സ്കൂൾപ്രവേശദാനത്തിൽ ഗവർമ്മെൻറു സങ്കോചിക്കുന്നതുകണ്ടു അർഹതയില്ലാത്തവർകൂടിയും വിരോധംപുറപ്പെടുവിച്ചുതുടങ്ങിയിരിക്കുന്നതായി ഞങ്ങൾ അറിയുന്നു. ഗവർമ്മെൻറിന്റെ ഈ ദൌർബല്യത്തിന്റെ ഫലമായി ചില ദിക്കുകളിൽ ക്രിസ്ത്യാനികൾ ഇപ്പോൾ ഈഴവപ്പെൺകുട്ടികളുടെ സ്കൂൾപ്രവേശനത്തിൽ തടസ്സക്കാരായിരിക്കുന്നു എന്നുകൂടി ഞങ്ങൾ ലജ്ജാപൂർവ്വം പറയേണ്ടിവന്നിരിക്കുന്നു. ഈ മാതിരി തടസ്സങ്ങളെ ഞങ്ങൾ ഗണ്യമാക്കിയിരുന്നില്ലെങ്കിലും ഈയിടെ കഴിഞ്ഞ ഒരു ദയനീയമായ സംഭവം ഈ വിഷയത്തിൽ ഞങ്ങൾക്കു വല്യ ആശങ്കയെ ജനിപ്പിച്ചിരിക്കുന്നു എന്നു പറയാതെ കഴികയില്ല. കാർത്തികപ്പള്ളി ഗേൾസ്കൂളിൽ ഈഴവപ്പെൺകുട്ടികൾക്കു പ്രവേശം നൽകാത്തതു ക്രിസ്ത്യാനികളുടെ തടസ്സത്താലാണെന്നറിയപ്പെട്ടിരുന്നു. എന്നാൽ ഈയിടെ ആ സ്കൂളിൽ ഒരു ഈഴവ മിസ്റ്റർസ്സിനെ നിയമിക്കയും ക്രിസ്ത്യാനികളുടെ പരാതിഹർജിയെ അടിസ്ഥാനമാക്കി ആ നിയമനത്തെ ഗവർമ്മെൻറു പിൻവലിച്ചു നിരപരാധിയായ ആ മിസ്റ്റർസ്സിനെ ജോലികൂടാതെ നിറുത്തുകയും ചെയ്തിരിക്കുന്നതായും ഞങ്ങൾക്കു അറിവുകിട്ടിയിരിക്കുന്നു. ആ സ്കൂളിൽ നായർബാലികമാർ പഠിക്കുന്നുണ്ട്. അവർക്കു പരാതിയില്ലത്രെ. ക്രിസ്ത്യാനികളുടെ പരാതി സ്കൂൾ ഇരിക്കുന്നതു പള്ളിക്കു സമീപമാണെന്നും ഈഴവമിസ്റ്റർസ്സിന്റെ സാമീപ്യം പള്ളിയെ അശുദ്ധപ്പെടുത്തുന്നതാകയാൽ അവളെ മാററി പകരം ഉയർന്ന ജാതിഹിന്തുക്കളിലൊ ക്രിസ്ത്യാനികളിലൊ ഉള്ള ഒരു മിസ്റ്റർസ്സിനെ നിയമിച്ചുകൊടുക്കണമെന്നുമായിരുന്നുപോൽ. ഈ ഹർജിയെക്കാൾ നേരമ്പോക്കുള്ളതായിരുന്നു, ഹർജിയെ അനുസരിച്ചുള്ള ഇൻസ്പെക്ടറെസ്സിന്റെ നടപടി. ഉയർന്നതരം വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ക്രിസ്ത്യാനിയായ ആ ഇൻസ്പെക്ടറെസ്സ് ഹർജിക്കാർക്കു അനുകൂലമായി തീർമാനിച്ചു്, ആ സാധുവായ മിസ്റ്റർസ്സിനെ കെട്ടിയപന്തലിൽ താലിയറുത്തമട്ടിൽ പിരിച്ചു വിടുകയാണത്രെ ഉണ്ടായതു്. ഈ നടപടിയിൽ അടങ്ങിയ ന്യായത്തെ കണ്ടുപിടിപ്പാൻ ഞങ്ങൾ എത്രതന്നെ ശ്രമിച്ചിട്ടും കഴിയുന്നില്ല. കുറവനും പറയനും എന്നുവേണ്ട മനുഷ്യാകൃതിയിലുള്ള ഏതുജന്തുവിനും പ്രവേശ്യമായിരുന്നതും ആയിരിക്കേണ്ടതുമായ ക്രിസ്ത്യാനിപ്പള്ളികളുടേ സാമീപ്യംകൂടി ഇപ്പോൾ ഈഴവരുടെ സ്കൂൾപ്രവേശനത്തിന്നു തടസ്സമായി തീർന്നിരിക്കുന്നു. ഈ വാനരചാപല്യങ്ങൾക്കു അവസരം നൽകുന്ന തിരുവിതാംകൂർ ഗവർമ്മെൻറു് ഭരണദൌർബല്യത്തെപ്പററി ഞങ്ങൾ ഏററവും അനുതപിക്കയും രാജഗോപാലാചാര്യരുടെ കാലത്തു ഇങ്ങിനെ സംഭവിക്കുന്നതിനെപ്പററി വിശേഷിച്ചും ഞങ്ങൾ വിസ്മയിക്കയും ചെയ്യുന്നു. ഇനിയെങ്കിലും

ഗവർന്മേൻറു ദയചെയ്തു ഈ വിഷയത്തിൽ ദൃഷ്ടിവെക്കുകയും ഗറൽ സ്കൂളുകളുടെ വിഷയത്തിൽ ഈഴവർക്കു ന്യായമായ വ്യവസ്ഥ കഴിയുന്നവേഗത്തിൽ ഏർപ്പെടുത്തി ഡിപ്പാർട്ടുമെൻറു അധികാരികളുടെ ഐച്ഛികമായ ദുരധികാരത്തിൽ നിന്നവർക്കുള്ള സങ്കടങ്ങളേ പരിഹരിക്കയും ചെയ്യുമെന്നു വിശ്വസിക്കുന്നു.

---

## ആചാര പരിഷ്കരണം.

---

കാലത്തിന്നനുസരണമായി സമുദായ നടപടികളെ ഭേദപ്പെടുത്താനുള്ള ശ്രമം മനുഷ്യവർഗ്ഗത്തിന്നു എപ്പോഴും ഏർപ്പെട്ടിരിക്കുന്ന ഒന്നാണെന്നു വിചാരിച്ചു നോക്കുന്നവർക്കു അനായാസേന അറിയത്തക്കവണ്ണം ലോകത്തിൽ ഏറിയ ദൃഷ്ടാന്തങ്ങളുണ്ട്. അവയെപ്പററി ഇവിടെ നിരൂപിപ്പാൻ വിചാരിക്കുന്നില്ല. അവ ഇതിന്നുമുമ്പിൽ തന്നെ ഞങ്ങളുടെ നിരൂപണങ്ങൾക്കു പല സന്ദർഭങ്ങളിലും വേണ്ടുവണ്ണം വിഷയീഭവിച്ചിട്ടുണ്ട്. എസ്. എൻ. ഡി. പി. യോഗം സമുദായത്തിൻെറ ആചാരനടപടികളെ പരിഷ്കരിക്കുന്ന വിഷയത്തിലും അതിൻെറ മററുദ്ദേശ്യങ്ങളിൽ എന്നപോലെ കഴിയുന്നതെല്ലാം ശ്രമിച്ചുവരികയാകുന്നു. എന്നാൽ ഈ വിഷയത്തിൽ അതിൻെറ ശ്രമം വളരെ ശാന്തവും സാവധാനവുമായിട്ടേ പ്രസരിക്കുന്നുള്ളൂ. യോഗത്തിൻെറ നയം, ഈ മാതിരി വിഷയങ്ങളിൽ വെറും ഉപദേശമാകുന്നു; നിർബന്ധമല്ല. വളരെക്കാലത്തെ പരിചയം കൊണ്ടു സമുദായത്തിൻെറ ഹൃദയത്തിൽ വേരൂന്നിപ്പടൎന്നു പിടിച്ചിരിക്കുന്ന ചില ആചാരങ്ങളെ അവയുടെ ഇപ്പോഴത്തെ അവസ്ഥ എത്ര ദയനീയമായും എത്ര ലജ്ജാവഹമായും ഇരുന്നാൽ തന്നെയും പെട്ടെന്നു പറിച്ചെറിഞ്ഞുകളവാൻ സാധാരണ ജനങ്ങൾക്കു പ്രയാസമായിത്തോന്നാം. അതുകൊണ്ടു, നമ്മുടെ സമുദായത്തിൽ പടൎന്നു കേറിയിരിക്കുന്ന ദുരാചാരങ്ങളെ നിർബന്ധംകൊണ്ടു പൊട്ടിച്ചെറിഞ്ഞുകളയുന്നതിനെക്കാൾ ഉപദേശംകൊണ്ടു ഹൃദയാരൂഢങ്ങളായ അവയുടെ വേരുകളെ ഇളക്കി മറിച്ചുകളയുകതന്നെയാണ ആ വിഷയത്തിൽ ഉത്തമമായിട്ടുള്ള നയം. അതുകൊണ്ടാണ് ബ്രഹ്മശ്രീനാരായണഗുരുസ്വാമി പാദത്തിലെ ആ വിഷയത്തിലുള്ള ഉപദേശങ്ങളെ പ്രസിദ്ധപ്പെടുത്തിയും പൊതുയോഗത്തിൽ നിർബന്ധരഹിതങ്ങളായ നിശ്ചയങ്ങൾ പാസ്സാക്കിയും മാത്രം ജനങ്ങളെ ഈ വിഷയത്തിൽ യോഗം സാവധാനമായി പ്രേരിപ്പിക്കുന്നതു്. എന്നാൽ ഈ സാവധാനമായ ശ്രമം അതിൽ നിന്നു ആശിക്കപ്പെട്ടിം

ക്കുന്ന പോലെ തന്നെ സ്ഥിരമായ ഫലത്തെ നൽകുന്നതാണെന്നുള്ളതു് ഞങ്ങൾ സന്തോഷപൂർവ്വം അറിയുന്ന ഒരു വസ്തുതയാണ്. താലികെട്ടിന്റെ നിരാകരണത്തെയും പുതിയവിവാഹ സമ്പ്രദായത്തെയും സംബന്ധിച്ച ശ്രമം യോഗംമുഖേനതുടങ്ങീട്ടു കുറച്ചൊരു കാലമേ ആയിട്ടുള്ളു എങ്കിലും അവ കേരളത്തിന്റെ പലഭാഗങ്ങളിലും ശീഘ്രതയോടുകൂടി പ്രചരിച്ചുതുടങ്ങിയിരിക്കുന്നതു തന്നെ അതിന്നു മതിയായ ദൃഷ്ടാന്തമാണ്. താലികെട്ടിനെപ്പററി അതു നാമമാത്രമായെങ്കിലും അനുഷ്ഠിക്കേണമെന്നുള്ള ശാഠ്യം ഇപ്പോഴും പലസ്ഥലങ്ങളിലും കാണപ്പെടുന്നുണ്ട്; എങ്കിലും അതിന്റെ പ്രധാന്യത്തെപ്പററിയുള്ള പൊതുജനങ്ങളുടെ അഭിപ്രായത്തിന്നു വലുതായ മാററം നേരിട്ടിട്ടുള്ളതിനാൽ അതിന്റെ നാരായവേരുകൾ പൊട്ടീട്ടുണ്ടെന്നും അതു നാശോന്മുഖമായിരിക്കയാണെന്നും നിരാക്ഷേപം പറയാവുന്നതാകുന്നു. മേല്പറഞ്ഞ ശാഠ്യം തന്നെ പലപ്പോഴും ഏതാനം ചിലരുടെ സ്വാർത്ഥത്തെ ആസ്പദമാക്കിയുണ്ടാകുന്നതാണെന്നു കാണുന്നു. ബുദ്ധിക്കും ശരീരത്തിന്നും സ്വാതന്ത്ര്യമുള്ള ഇക്കാലത്തു് ഒന്നോരണ്ടോ ആളുകളുടെ സ്വാർത്ഥപരമായ നോട്ടത്താൽ ഒരു സംഘമോ സമുദായമോ ഭരിക്കപ്പെടുമെന്നു ആശിക്കാവുന്നതല്ലല്ലൊ. യോഗത്തിന്റെ ഉദ്ദേശ്യം സമുദായത്തിന്നു അഭിവൃദ്ധികരമായ വിധത്തിൽ സ്വാതന്ത്ര്യത്തെ നൽകുകയും ധനസ്ഥിതിയെ സംരക്ഷിക്കയുമാകുന്നു. അതുകൊണ്ടു ആ നോട്ടം വിടാതെയുള്ള അതിന്റെ സാവധാനമായ ശ്രമങ്ങൾ നിശ്ചയമായും ഒരിക്കൽ പൂർണ്ണഫലത്തെ പ്രാപിക്ക തന്നെ ചെയ്യും.

ചിലദിക്കുകളിലും, ചിലപ്രാണികളുടെ ഇടയിലും താലികെട്ടിനെപ്പററിയുള്ള ശാഠ്യം മുഖ്യമായി സ്ഥാപിച്ചിരിക്കുന്നതു് പലകാര്യത്തിന്നും തീയരുടെ മാതൃകാസ്ഥാനം വഹിക്കുന്ന നായന്മാർക്ക് അതിലുള്ള നിഷ്ഠയിന്മേലാകുന്നു. എന്നാൽ ആ അടിസ്ഥാനവും ഭയങ്കരമാംവണ്ണം ഉലഞ്ഞുതുടങ്ങിയിരിക്കയാണെന്നുള്ള വസ്തുത ഇപ്പോഴത്തെ വർത്തമാനപ്പത്രങ്ങളും മാസികകളും വായിക്കുകയോ ചുററും നടക്കുന്ന സംഗതികളെ അന്വേഷിച്ചറികയോ ചെയ്യുന്ന ആർക്കും ബോദ്ധ്യമായിട്ടുള്ളതാണ്. താലികെട്ടിനെ നിറുത്തൽചെയ്കയും, വിവാഹത്തെ സ്ഥിരീകരിക്കയും ചെയ്യുകഎന്നുള്ളതു് നായർസമുദായപ്രമാണികളുടെ എല്ലാസംഘങ്ങളിലും സഭകളിലും പ്രസംഗങ്ങളുടെ ഏക വിഷയമായിത്തീർന്നിരിക്കയാകുന്നു. അവരുടെ സമുദായപ്രധാനികളാൽ നടത്തപ്പെടുന്ന മാസികകളിലൊ പത്രങ്ങളിലോ ഈ വിഷയത്തിലുള്ള നിരൂപണങ്ങൾ അടങ്ങാത്ത പ്രതികൾ ഇപ്പോൾ ദുർല്ലഭമത്രേ. വിചാരങ്ങൾ വാക്കുകളുടെയും വാക്കുകൾ ക്രിയകളുടെയും പ്രാരംഭങ്ങളാണെന്നുള്ളതു് നിശ്ചയമാണല്ലോ. നായർ പ്രമാണികൾ ഇപ്പോൾ തങ്ങളുടെ പ്രസംഗങ്ങളെ

പ്രവൃത്തിയിൽ കൊണ്ടു വരാൻ സന്നദ്ധരായിത്തുടങ്ങിയിരിക്കു
ന്നതിനുള്ള പല ദൃഷ്ടാന്തങ്ങളിൽ പ്രധാനമായ ഒന്നു ഈ കഴി
ഞ്ഞ തുലാം ൨൯-ാംനു കൊല്ലത്തുവച്ചു നടന്ന ഒരു വിവാഹമാകുന്നു
മദ്രാസ് ഹൈക്കോർട്ടിൽ വക്കീലായിരിക്കുന്ന ബാരിസ്റ്റർ കെ. എൻ.
ഗോപാലപ്പിള്ള എൽ. എൽ. ബി. അവർകൾ തിരുവിതാംകൂ
റിലെ പ്രസിദ്ധ നായർസമുദായ പ്രതിനിധിയായ കാലധർമ്മംപ്രാ
പിച്ച കവാലം നീലകണ്ഠപിള്ള അവർകളുടെ അനന്തിരവനാകു
ന്നു. പരിഷ്കൃത ഹൃദയനായ നീലകണ്ഠപ്പിള്ളയവർകളുടെ പുത്രി
യായ ശ്രീമതി രാധാഭായി എന്ന യുവതിക്കു താലികെട്ടു കഴിച്ചിട്ടി
ല്ലത്രേ. ആ യുവതിയെയാണ് ബാരിസ്റ്റർ കെ. എൻ. ഗോപാല
പ്പിള്ള അവർകൾ മേല്പറഞ്ഞ തീയതി വിവാഹം ചെയ്തതു്. ദമ്പ
തിമാർക്കും, ഗുരുജനങ്ങൾക്കും, ഇതുനിമിത്തം തങ്ങളുടെ കണ്ണുകൾ
പൊട്ടിപ്പോകയില്ലെന്നും, തറവാട്ടിനും, സമുദായത്തിനും, വലിയ
ദോഷമൊന്നും ഇതിനാൽ സംഭവിക്കയില്ലെന്നും തീർച്ചയാക്കി പ
ലക്ഷ്യം തങ്ങളുടെ പ്രവൃത്തി ഒരു പാഠമാക്കിത്തീർക്കുന്ന ഇങ്ങിനെയു
ള്ള യോഗ്യന്മാർ നിശ്ചയമായും സ്തുത്യർഹന്മാരാണ്. സമുദായസ്നേ
ഹികൾ ഇതിനെ അനുകരിക്കുമെന്നു വിശ്വസിക്കുന്നു. തന്റെ സൌ
കര്യത്തേയോ സുഖത്തേയോ നീർപ്പോളപോലെ കരുതി അസ്ഥിര
വുമന്തഃശൂന്യവുമായ പേരിനേയോ ദുഷ്പ്രാഭവത്തേയോ വകവ
യ്ക്കാതെ സമസൃഷ്ടങ്ങളുടേ സാമാന്യമായ അഭിവൃദ്ധിയെ കാംക്ഷി
ച്ചു പ്രവൃത്തിക്കുന്നവർ മാത്രമേ വാസ്തവത്തിൽ സമുദായസ്നേ
ഹികളാകുന്നൊള്ളൂ. അവർക്കുമാത്രമേ അപ്രാർത്ഥികമാണെങ്കിലും വാ
സ്തവമായ സമുദായനേതൃത്വം ലഭിക്കുന്നുള്ളൂ. ഇങ്ങിനെയുള്ളവരുടെ
സമുദായോന്നതിക്കുള്ള ശ്രമത്തിന്റെ വകഭേദത്തിനാണ് ആചാ
രപരിഷ്കരണം എന്നു പറയുന്നതു. അതുകൊണ്ടു സ്വജനങ്ങൾ ത
ങ്ങളുടെ നന്മയ്ക്കായുള്ള ഈ സംഗതികളിൽ ഉത്തരോത്തരം ശ്രദ്ധ
യുള്ളവരായിരിക്കണമെന്നു വീണ്ടും ഞങ്ങൾ ഉപദേശിക്കുന്നു.

## ശ്രീമൂലം കൃഷിപ്രദർശനം.

തിരുവനന്തപുരത്തു ഈ കൊല്ലത്തെ ശ്രീമൂലം പ്രജാസഭായോ
ഗത്തോടുചേർത്തു നടത്താൻ തീർച്ചപ്പെടുത്തിയിരിക്കുന്ന ടി പ്രദർശ
നം നമ്മുടെ ജനങ്ങൾക്കു കൃഷിവിഷയത്തിൽ പലവിധമായ അറി
വിനേയും ഉത്സാഹത്തേയും വർദ്ധിപ്പിക്കാൻ വേണ്ടി ഗവർമ്മെന്റി
ൽനിന്നു ഏർപ്പെടുത്തപ്പെട്ടിരിക്കുന്ന ഏററവും സ്തുത്യർഹമായ ഒരു
ഉപായമാകുന്നു. ഇങ്ങിനേയുള്ള ശ്രമങ്ങൾ രാമരായർദിവാൻജി

യുടെ കാലത്തു് തന്നെ ഇവിടെ ആരംഭിച്ചിരുന്നു എങ്കിലും അന്നു
അവയുടെ ഉദ്ദേശങ്ങളെ വേണ്ടവണ്ണം ജനങ്ങൾ ധരിക്കാഞ്ഞിട്ടോ
അധികൃതന്മാരുടെ ദൃഷ്ടിയും ഉത്സാഹവും വേണ്ട മാർഗ്ഗത്തിൽ പ
തിയാഞ്ഞിട്ടോ എങ്ങിനെ എങ്കിലും മിക്കവാറും നിഷ്പ്രയോ
ജനമായാണ് കലാശിച്ചതു്. എന്നാൽ ഇപ്പോഴത്തെ ശ്രമം ഒ
ന്നുകൊണ്ടും അപ്രകാരം കലാശിക്കുമെന്നു വിചാരിപ്പാൻ തരമില്ലാ
ത്തതും നേരേമറിച്ചു വാസ്തവത്തിൽ ജനങ്ങൾക്കു ഗുണപ്രദമായി
ത്തീരുമെന്നൂഹിക്കത്തക്ക എല്ലാകാരണങ്ങളാലും സംപൂർണ്ണവുമാകു
ന്നു. ഇപ്പോൾ ജനങ്ങൾക്കു ആക്കാലത്തേക്കാൾ വർത്തമാന പത്ര
ങ്ങൾ മൂലമായും മററും ശാസ്ത്രീയമായ കൃഷിരീതിയേയും അതി
ന്റെ ഗുണങ്ങളേയും പററി കേട്ടു കേട്ടു ഒരുതാല്പര്യം ജനിച്ചു തു
ടങ്ങീട്ടുണ്ടു്. പ്രദർശനത്തിന്റെ പ്രയോജനം കേവലം കൌതുക
ക്കാഴ്ചകളല്ലെന്നും തൊഴിലുകൊണ്ടു ആദായംവർദ്ധിപ്പിച്ചു ക്ഷേമാഭി
വൃദ്ധിക്കായി ജനങ്ങളേ പ്രേരിപ്പിക്കുന്നതാണെന്നും ഒരുവിധം ജ
നസാമാന്യത്തിന്നു മനസ്സിലായിത്തുടങ്ങീട്ടുണ്ടു്. പ്രജാസഭസംബ
ന്ധിച്ചു, സംസ്ഥാനത്തിന്റെ എല്ലാഭാഗങ്ങളിൽനിന്നും യോഗ്യന്മാ
ന്മാരായ ജനപ്രതിനിധികൾ വന്നുചേരുന്ന ഒരുസന്ദർഭത്തിൽ ന
ടത്തപ്പെടുന്നതിനാൽ ഈ പ്രദർശനം വിശേഷിച്ചും അതിന്റെ
ഫലത്തേ അനായാസേന എങ്ങും വ്യാപിപ്പിക്കുന്നതിന്നു മതിയാ
യിരിക്കുന്നതാണു. നിയമേന ആണ്ടുതോറും നടത്തപ്പെടുമെന്നുള്ള
തിനാൽ ജനങ്ങൾക്കു ഇതിൽ വിശ്വാസവും താല്പര്യവും വർദ്ധി
ച്ചു വരുന്നമെന്നുള്ളതും അതുകൊണ്ടു ഈ പ്രദർശനം പ്രതീക്ഷിക്ക
പ്പെട്ടിരിക്കുന്ന ഫലത്തേ നാട്ടിന്നു ശാശ്വതമാംവണ്ണം നൽകുമെന്നു
ള്ളതും നിരാക്ഷേപമാകുന്നു. പ്രദർശനം ധനു ൨൨-ാനു ആരംഭി
ക്കുന്നതും ൰ ദിവസം ഉണ്ടായിരിക്കുന്നതുമാണു്. മിക്കവാറും കൃഷി
കൊണ്ടു കാലക്ഷേപം ചെയ്യുന്നവരായ നമ്മുടെജനങ്ങൾ വിശേ
ഷിച്ചും വസ്തുഉടമസ്ഥന്മാർ ഈ പ്രദർശനത്തിൽ സംബന്ധിച്ചു അ
തുകൊണ്ടുണ്ടാകാവുന്ന വലുതായ പ്രയോജനത്തേ കണ്ടറിയുകയും
തങ്ങളുടേ ഗുണത്തിന്നായി അവയേ പരീക്ഷിച്ചു നോക്കുകയും ചെ
യ്യുമെന്നു വിശ്വസിക്കുന്നു. തിരുവിതാംകൂറിൽ ഉണ്ടാകുന്ന വിവിധ
സസ്യാദികൾ അവയുടേ കൃഷിരീതികൾ, വളങ്ങൾ, കൃഷിയായുധ
ങ്ങൾ, അന്യരാജ്യങ്ങളിൽനിന്നു ഇവിടെ കൊണ്ടുവന്നു ആദായകരമാം
വണ്ണം കൃഷിചെയ്യാമെന്നുള്ള സസ്യാദികൾ അവയുടെ വളങ്ങൾ
കൃഷിക്രമങ്ങൾ മുതലായി പ്രയോജനകരങ്ങളായ പലതും പ്രദർശി
ക്കപ്പെടുന്നതും ഇവയിൽനിന്നു പലപാഠങ്ങളും നിശ്ചയമായും പ
ഠിപ്പാനുണ്ടാകുന്നതുമാകുന്നു.

# പലവക.

കന്നി തുലാം ഈ മാസങ്ങളിലേ "സുദർശനം" "ലക്ഷ്മീഭായി" ജന്മി ഈ മാസികകൾ കൈപ്പററിയിരിക്കുന്നു. എല്ലാം പതിവുപോലെ നന്നായിരിക്കുന്നു.

മൂർക്കോത്തു കുമാരൻ അവർകളുടേ "ഒരു ഒററനോക്കു" എന്ന അതിസരസമായ ഒരു ചെറിയകഥ താമസിച്ചു കിട്ടുകയാൽ അടുത്ത ലക്കത്തിലേക്കു നീക്കിവയ്ക്കേണ്ടി വന്നതിൽ വ്യസനിക്കുന്നു.

ബ്രഹ്മശ്രീ നാരായണഗുരുസ്വാമി പാദങ്ങളിലേ ശിഷ്യരിൽ ഒരാളായ സന്യാസി രാമസ്വാമി അവർകളാൽ രചിക്കപ്പെട്ടതും മദ്രാസിൽ സച്ചിദാനന്ദമുദ്രാലയത്തിൽ അച്ചടിപ്പിക്കപ്പെട്ടതുമായ "വേദാന്തപ്രദീപം" എന്ന തമിഴ് പുസ്തകവും കണ്ണൻവൈദ്യനവർകളാൽ ഉണ്ടാക്കപ്പെട്ട തന്ത്രരത്നവും അഭിപ്രായത്തിന്നയച്ചുതന്നതു നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നു. ഈ കൃതികളെപ്പററി ഞങ്ങളുടേ അഭിപ്രായം അടുത്തതവണ പ്രസ്താവിക്കുന്നതാണ്.

മദ്രാസ് എസ്. കേ. പി. ഡി. ആയുർവേദ കാളേജ് വക അവസാന പരീക്ഷയിൽ കൊല്ലത്തുകാരനായ നാണു എന്ന ഒരു ഈഴവയുവാവു പാസ്സായിരിക്കുന്നതായറിയുന്നതിൽ സന്തോഷിക്കുന്നു.

കരുനാഗപ്പള്ളിയിൽ കണ്ണമ്പള്ളി കൃഷ്ണപിള്ള അവർകളുടെ മാനേജ്മെൻറിൽ "കലാസഞ്ജീവിനി" എന്നൊരു സംസ്കൃത പാഠശാല ഏർപ്പെടുത്തപ്പെട്ടിരിക്കുന്നു. ഇതിൽ കാവ്യ നാടകാലങ്കാരങ്ങളും തർക്കവ്യാകരണങ്ങളും ഇവയും വൈദ്യം, ജ്യോതിഷം ശില്പം മുതലായ കലകളും പഠിപ്പിച്ചുവരുന്നു. ഇതിൽ ജാതിമതഭേദം കൂടാതെ വിദ്യാർത്ഥികളെ സ്വീകരിക്കുമെന്നറിയുന്നതിൽ സന്തോഷിക്കുകയും ഇതിനു നല്ല ഭാവിയേ ആശംസിക്കുകയും ചെയ്യുന്നു.

സ്ഥലത്തു എസ്. എൻ. ഡി. പി. യോഗം ആഫീസിനോട് അടുത്തിരിക്കുന്ന വിദ്യാർത്ഥിസത്രത്തിൽ വിദ്യാർത്ഥികൾക്കു താമസിച്ചു പഠിപ്പാൻ വളരെ സൌകര്യമുള്ളതും ചിലവു വളരെ മിതമായിരിക്കുന്നതുമാകയാൽ വിവരം ഞങ്ങൾ സന്തോഷപൂർവ്വം പ്രസ്താവിക്കയും വ

ഷാരംഭത്തോടുകൂടി അധികം വിദ്യാൎത്ഥികളെ പ്രതീക്ഷിക്കയും ചെയ്യുന്നു.

കരുനാഗപ്പള്ളിയിലെ മാന്തരിച്ചുകിടന്ന നമ്മുടെ സമാജങ്ങളെ പുനൎജ്ജീവിപ്പിക്കാൻ ചില യോഗ്യന്മാർ വിചാരിച്ചുവരുന്നതായറിയുന്നതിൽ സന്തോഷിക്കുന്നു.

ആലപ്പുഴ നമ്മുടെ സ്വാമി പാദത്തിലെ തിരുനാൾ സ്മാരകമായി ഒരു മഠം സ്ഥാപിപ്പാൻ ചില യുവജനങ്ങൾ ശ്രമിച്ചുവരുന്നതായറിയുന്നു. ഈ നല്ല ശ്രമത്തിൽ അവരെ ആ സ്ഥലത്തുള്ള എല്ലാ സ്വജാതീയ മാന്യരും സഹായിക്കുമെന്നും അചിരേണ അതു സഫലമാകുമെന്നും വിശ്വസിക്കുന്നു.

കാൎത്തികപ്പള്ളി ചക്കകുളങ്ങരെ ചാന്നാർ അവർകൾ ഈയിടെ ശിവഗിരിയിലെത്തി സ്വാമിയെ സന്ദൎശിക്കയും വഴിപാടുകൾ കഴിക്കയും ചെയ്തതിനു പുറമെ ക്ഷേത്രം പണിവകയ്ക്കായി 50. ക സംഭാവന ചെയ്കയും 50. ക കൂടി ഉടനെ അയച്ചുകൊടുപ്പാൻ വാഗ്ദാനം ചെയ്കയും ചെയ്തിരിക്കുന്നു.

ശിവപ്രസാദൻ അവർകൾ അരുവിപ്പുറം മഠത്തിൽവച്ചും നെയ്യാററുകര കരുങ്കുളം മുതലായ ദേശങ്ങളിലും മതസംബന്ധമായ പല പ്രസംഗങ്ങളും നടത്തിയിരിക്കുന്നതായും പ്രസംഗങ്ങൾ നാനാജാതിക്കാരായ ബഹുജനങ്ങൾ ഭക്തിപൂൎവം കേട്ടുവരുന്നതായും അറിയുന്നു. ഇദ്ദേഹം ക്ഷണം അനുസരിച്ചു താമസിയാതെ കരുനാഗപ്പള്ളിയിലും കോട്ടയത്തും പോകുന്നതാണ്.

വടക്കേ മലയാളത്തെ തീയരിൽ എല്ലാംകൊണ്ടും പ്രമാണികളിൽ ഒരാളായ കരോട്ടു കണ്ണൻ വക്കീൽ അവർകൾ ഇതിനിടെ ദേഹവിയോഗം ചെയ്തവിവരം ഞങ്ങൾ വ്യസനപൂൎവം അറിയുകയും അദ്ദേഹത്തിന്റെ കുഡുംബത്തോടു ഏററവും സഹതപിക്കയും ചെയ്യുന്നു.

മൂന്നു കൊല്ലത്തിനുമേൽ പണം അടയ്ക്കാതെ കുടിശ്ശികവരുത്തീട്ടുള്ള യോഗാംഗങ്ങളിൽ ഒരാളായ മാടൻ കുട്ടി എന്ന ആളുടേ അനന്തിരവന്റെ മേൽ ബാക്കി അടയ്ക്കേണ്ട പണവും പലിശയും ഒന്നായി വസൂലാക്കാൻ യോഗത്തിൽനിന്നു തിരുവനന്തപുരം മുൻസിഫ് കോൎട്ടിൽ നംബർ പതിച്ചിരിക്കുന്നു.